അതിന് പരിഹാരമെന്തെങ്കിലുമുണ്ടോ, ഉണ്ടാക്കേണ്ട കാര്യമില്ലേ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ എന്തുചെയ്യണം? ആരും ഒരു നടപടിയുമെടുത്തിട്ടില്ലാ ഇതുവരെ. ഇതിനെ സംബന്ധിച്ച് ഐ. ജി. മുതൽ ഇങ്ങോട്ട് താഴെവരെയുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിവേദനം കൊടുത്തിരുന്നു. ഒരു അന്വേഷണം പോലും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥൻ തന്റെ കീഴ് ഉദ്യോഗസ്ഥൻമാർക്ക് അയച്ചിട്ടുള്ള നിവേദനത്തിൽ പറഞ്ഞിട്ടുള്ള ഒരു ചെറിയ കാര്യത്തെക്കുറിച്ചുപോലും അന്വേഷണം നടത്തിയിട്ടില്ല. എത്ര അപകടകരമാണ് ഈ സ്ഥിതിയെന്നുള്ളത് ആലോചിച്ചു നോക്കണം. ഇതുംകൂടി ചേർത്ത് ചിന്തിക്കുമ്പോഴാണ് ഇത്തരം ഒരു നിയമം നടപ്പാക്കുന്ന അവസരത്തിൽ വളരെ ശ്രദ്ധവേണമെന്ന് പറയേണ്ടിവരുന്നത്. ഏതായാലും കാര്യമായ ആലോചനവേണം, നല്ല ഉദ്ദേശം വേണം കൊണ്ടുവരുന്ന മുതൽ തന്റെ കയ്യിൽ സൂക്ഷിച്ചുകൊള്ളാമെന്ന് പറയുന്ന ആളുകൾ കൂടി ഉൾപ്പെടുന്ന സ്ഥിതിയുണ്ടോ എന്നുകൂടി ആലോചിക്കണം. ഇത് നടപ്പാക്കുന്ന അവസരത്തിൽ എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദ്കോയ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഈ. പി. ഗോപാലൻ ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ വളരെ ഗൗരവമുള്ളതാണ്. അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്. ഈ നിയമം വളരെ ലളിതമായ ഒരു നിയമമാണ്. മദിരാശി പോലീസ് ആക്ടിലുള്ള ഒരു വകുപ്പ് കേരളാ പോലീസ് ആക്ടിൽ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. മോഷണക്കേസിലെ തൊണ്ടിസാധനം കൈവശം വച്ചിട്ടുള്ളവരിൽ നിന്നും അത് പിടിച്ചെടുക്കാനുള്ള ബുദ്ധിമുട്ടും മറ്റും കണക്കിലെടുത്താണ് ഈ നിയമം കൊണ്ടുവന്നത്. പക്ഷെ ഈ നിയമത്തിൽനിന്നും വളരെ ദൂരംപോയി ചില ബഹുമാനപ്പെട്ട മെമ്പർമാർ പലതും പറഞ്ഞു. അതെക്കുറിച്ചൊന്നും എനിക്ക് പറയാനില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

The question that the Kerala Police (Second Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

[Shri T. M. Jacob in the Chair]

(ii) 1979-ലെ കേരള ധനവിനിയോഗ (നമ്പർ 3) ബിൽ

Minister **(Shri N. Bahaskaran Nair):** Sir, I introduce the Kerala Appropriation (No. 3) Bill, 1979.

Mr. Chairman: The Bill stands introduced.

Sri. N. Bhaskaran Nair: Sir, I move that Bill be taken into consideration.

Chief Minister **(Shri C. H. Mohammed Koya):** I second it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ഇതിന് വോട്ടുകൊടുക്കാൻ കഴിയുകയില്ല. കാരണം, ഈ ഗവൺമെൻറ് എന്നു പറയുന്നത് എന്താണ്, ഈ സാധനം ഏതാണ് എന്നതിനെപ്പറ്റിയൊന്നും നമ്മുടെ മുഖ്യമന്ത്രിക്കുപോലും വിവരമില്ലെന്ന് രാവിലെ ഈ സഭയിൽ പറഞ്ഞു. സഭയിൽ മാത്രമല്ല പുറത്തും മുഖ്യമന്ത്രി പറയുന്നതിതാണ്. വല്ല നയവുമുണ്ടോ എന്നു പത്രക്കാര് ചോദിച്ചപ്പോഴും പറഞ്ഞതിതാണ്—ഞങ്ങൾക്കൊരു നയവുമില്ല. ഇവിടെയും പറഞ്ഞു നയരൂപീകരണത്തിനു സമയം വേണം നയം ഇല്ല എന്ന്. ഇൻഡ്യയിലെ ഏതെങ്കിലുമൊരു സംസ്ഥാന ഗവൺമെൻറോ കേന്ദ്രഗവൺമെൻറോ പാർലമെൻറിന്റെ ജനാധിപത്യം നിലനിൽക്കുന്ന ലോകത്തിലെ ഏതെങ്കിലുമൊരു രാജ്യത്തെ ഭരണത്തലവന്മാരോ ഇങ്ങനെ പറഞ്ഞിട്ടില്ല. ഇങ്ങനെ പറയാൻ മുഹമ്മദുകോയക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ലെന്നുള്ളതും എനിക്കറിയാം. അതു മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഈ ഗവൺമെൻറിനെപ്പറ്റി എന്തു പറയാനാണു സർ? കണ്ടില്ലേ, ആ ഇരിപ്പു കണ്ടാൽത്തന്നെ അറിയാം മുഹമ്മദുകോയയുടെ നയമെന്താണെന്ന്. സി. എച്ച് മുഹമ്മദുകോയയുടെ നയം മുഖ്യമന്ത്രിയാകണമെന്നുള്ളതാണ്. ബാലകൃഷ്ണൻ പറയുന്നത് എനിക്കു പൊതുമരാമത്തുതന്നെ കിട്ടണം എങ്കിലേ കട്ടുതിന്നാൻ കഴിയുകയുള്ളു എന്ന്. ഇവിടെ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഉടനെ കാസർകോടിനടുത്തു ചട്ടൻചാലിലെ മൊയ്തീൻകുഞ്ഞ് കോൺട്രാക്ടർ കൊടുത്ത സ്വീകരണത്തിൽ എൻ. കെ. ബാലകൃഷ്ണൻ എന്നു പറയുന്ന മന്ത്രി പ്രസംഗിച്ചത്.....

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): എന്തിനാണ് രാഘവൻ ഈ കളവ് പറയുന്നത്? ഞാൻ ആദ്യമായി പങ്കെടുത്തത് എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തുബോർഡ് നൽകിയിട്ടുള്ള സ്വീകരണത്തിലാണ്.

ശ്രീ. എം. വി. രാഘവൻ: ചട്ടൻചാലിലെ മൊയ്തീൻകുട്ടിയുടെ സ്വീകരണത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അയാളും ഒരു കരാറുകാരനാണ്. പഴശ്ശി പ്രോജക്ടിന്റെയും മറ്റും ഒരു കരാറുകാരനാണ്. അയാളോടു മന്ത്രി പറഞ്ഞത് ഞാൻ എന്തായാലും പൊതുമരാമത്തു വിടുകയില്ല എന്നാണ്. മലയാളമനോരമയാണ് സർ, ഈ ഭരണത്തിന്റെ നയം രൂപീകരിക്കുന്ന പത്രം. പ്രസംഗിച്ചതിന്റെ പിറ്റേദിവസം പ്രത്രത്തിൽ ബോക്സ് ന്യൂസായി വന്നതാണ്; ബാലകൃഷ്ണൻ നിഷേധിച്ചിട്ടു കാര്യമില്ല. ബാലകൃഷ്ണനു മന്ത്രിയാകാൻ തിടുക്കമുണ്ടാകും. അതെപറ്റി കൂടുതലൊന്നും ഞാൻ പറയുന്നില്ല. എൻ. ഡി. പി.-യുടെ നേതാവ് അവിടെ ഇരിക്കുന്നുണ്ടല്ലോ. എന്താണ് എൻ. ഡി. പി.-യുടെ നയം? ജാതി സംവരണത്തെ എതിർക്കുകയും സാമ്പത്തിക സംവരണത്തെ അനുകൂലിക്കുകയും ചെയ്യുന്നു എന്നാണ് എൻ. ഡി. പി. നേതാവ് കിടങ്ങൂർ പറഞ്ഞിട്ടുള്ളത്. കരുണാകരന്റെ കോൺഗ്രസ്സിനെപ്പറ്റി ആൻറണി പറഞ്ഞിരുന്നത് ഇന്ദിരാഗാന്ധി ഫാസിസ്റ്റാണ്. അവർക്കെതിരായി ജീവൻ കൊടുത്തും പൊരുതുമെന്നാണ്. ഇപ്പോഴും മുത്തം കൊടുക്കുകയാണ്. ഇത് എന്തു നയമാണു സർ? ആൻറണി നയം മാറ്റുമെന്ന് ബോർഡ് പറഞ്ഞിട്ടില്ല. കെ.പി.സി.സി. പ്രമേയം അതാണ്. അരശിനെ ആൻറണി കോൺഗ്രസ് നേതാവായി അംഗീകരിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. സോഷ്യലിസ്റ്റാധിപതിയായ ഇന്ദിരാഗാന്ധിയെയും ആർ.എസ്.എസ്.-ജനതയെയും ഞങ്ങൾ എതിർക്കുന്നു എന്നു പറഞ്ഞാണ് ബാംഗ്ലൂരിൽ എ.ഐ.സി.സി. പ്രമേയം പാസ്സാക്കിയത്. ആൻറണിയുടെ കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ആണ് സർ, പ്രമേയം പാസ്സാക്കിയത്. എന്നിട്ടിപ്പോ എല്ലാവരുംകൂടെ ഇവിടെ കൂടിയിരിക്കുകയാണ്. ഇവിടെ ഇപ്പോ ആരുടെ നയമാണ്? ഇന്ദിരാ ഗാന്ധിയുടെ നയമാണോ? അതോ ആർ.എസ്.എസ്. പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസ്സിന്റെ നയമാണോ? അതോ ആർ.എസ്.എസ്–ജനതാ നയമാണോ? രാജഗോപാലൻ പറയുന്നത് സി. എച്ച്. മുഹമ്മദു കോയയുടെ ഗവൺമെൻറിനെ ഞാൻ പിന്താങ്ങും എന്നാണ്. എന്റെ കോയാ, നല്ല തൊപ്പിതന്നെ മുഖ്യമന്ത്രിയുടെ തൊപ്പി! ഇത്ര ഉള്ളുപ്പില്ലാതായിപ്പോയല്ലോ. ഓ! ന്യൂനപക്ഷം. ആരാ ഇപ്പോ ന്യൂനപക്ഷത്തിനെ പേറുന്നത്? ഇന്ദിരാഗാന്ധിയുടെ സോഷ്യലാധിപത്യവും വർഗ്ഗീയവിരോധവും കൂടെയാണ്. എന്നിട്ട് നടുക്ക് രാജഗോപാലനും. അങ്ങനെയുള്ള ഈ നാറിയ ഭരണത്തിന് ഒരു നയമില്ലെന്ന് കോയ പറഞ്ഞത് സത്യമാണ്. അദ്ദേഹം സത്യം പറഞ്ഞുപോയതാണ്. അങ്ങനെയുള്ള ഈ ഗവൺമെൻറിന് എന്തും ചെയ്തു ഇവിടെ ഭരിക്കണം ഭരിച്ച് സ്വന്തം സമ്പത്തു വർദ്ധിപ്പിക്കണം എന്നുള്ളതേയുള്ളു. ഇടതുപക്ഷജനാധിപത്യപ്രസ്ഥാനത്തെപ്പറ്റിയാണ് ആൻറണി പുലരുമ്പോൾ പുലരുമ്പോൾ പ്രസംഗിക്കുന്നത്. ഇവിടെ ജെ.പി. യുടെ അനുശോചനപ്രസംഗം നടത്തിയപ്പോഴും ആൻറണി കമ്മ്യൂണിസ്റ്റുവിരോധം ഛർദ്ദിച്ചു. എന്റെ ആൻറണി, എവിടേക്കാണ് പോക്ക്? ഇന്ദിരാകോൺഗ്രസ്സിനോടു ചേർന്നാൽ മതിയെന്നാണോ? ആൻറണിയുടെ കമ്മ്യൂണിസ്റ്റുവിരോധം! ആൻറണി, ആൻറണി ജനിക്കുന്നതിനുമുൻപ് കമ്മ്യൂണിസ്റ്റുകാർ ജെ.പി.-യെ അനുകൂലിച്ചിട്ടുണ്ട്. ഈ രാജ്യത്ത് ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനം എന്ന ബഡായിയും ഇളക്കിവിട്ട് ആർ.എസ്.എസ്. നെയും ഇന്ദിരാ സോഷ്യലാധിപതിയെയുംകൂട്ടി കർഷകത്തൊഴിലാളികളുടെ താൽപര്യങ്ങളെ അപകടപ്പെടുത്തുന്ന ഇഷ്ടദാനം പോലുള്ള ബില്ലും പാസ്സാക്കിയെടുക്കാൻ കൂട്ടുനിൽക്കുന്ന കോൺഗ്രസ്സുമായി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് യാതൊരു യോജിപ്പുമില്ലെന്നു വ്യക്തമാക്കാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. നിങ്ങൾക്കു പറ്റിയ പാളയം അതാണ്. ഈ രാജ്യത്ത് സോഷ്യലാധിപത്യത്തിനും വർഗ്ഗീയതയ്ക്കും എതിരായി പൊരുതുന്ന കോൺഗ്രസ്സുകാർക്കും ലോഗ് പാർട്ടിക്കാർക്കും ഞങ്ങളുടെ പിന്തുണ പ്രഖ്യാപിച്ചു. ആൻറണിയും ഇവിടത്തെ കെ.പി.സി.സി.-യും അതു വിഴുങ്ങിനിന്നിരിക്കുന്നു. നിങ്ങൾ ഇന്ദിരാഗാന്ധിയുടെ പാളയത്തിലേക്ക് ചെന്നുപെട്ടിരിക്കുന്നു. ചിന്തിക്കുന്ന കോൺഗ്രസ്സുകാരുണ്ടെങ്കിൽ വേറെ ആലോചിക്കണം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: അതിനാണ് കരുതൽ തടങ്കൽ കൊണ്ടുവന്നത്. ഇപ്പോൾ കാലുമാറി ചരൺസിംഗ്.....

ശ്രീ. എം. വി. രാഘവൻ: ഞാൻ വഴങ്ങുന്നില്ല. അവിടെ സ്വന്തം നിയോജകമണ്ഡലത്തിൽ വാ. കാണിച്ചുതരാം. ആൻറണിയെ ഞാൻ വെല്ലുവിളിക്കുന്നു. ആൻറണിയോടു ഞാൻ പറയുന്നു, സി. എച്ച്. മുഹമ്മദുകോയയോടു പറഞ്ഞിട്ടു കാര്യമില്ല. നാണമില്ലാത്തവന്റെ ആസനത്തിലൊരു ആലുമുളച്ചാൽ അതുമൊരു തണലാണ് എന്നാണ് ഒരു ചൊല്ലുണ്ട്. അതുപോലെ ഇവിടെ ഏതെങ്കിലും ഒരു തൊപ്പി കിട്ടിയായിരിക്കും. ആൻറണിയോടു ഞാൻ പറയുന്നു—ഇഷ്ടദാനബില്ലിനു ഞാൻ വാക്കു കൊടുത്തു എന്നാണ് ആൻറണി പറയുന്നത്—ഭരണമുന്നണിയെ ഞാൻ വെല്ലുവിളിക്കുന്നു, നിയമസഭ പിരിച്ചുവിട്ടു നിങ്ങൾ തെരഞ്ഞെടുപ്പു നടത്തുകയാണെങ്കിൽ നിങ്ങളെ ട്രഷറിബഞ്ചിൽനിന്ന് ചവുട്ടിപ്പുറത്താക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളും തയ്യാറാവും. ഈ രാജ്യത്ത് തെരഞ്ഞെടുപ്പ് എന്നു പറഞ്ഞപ്പോഴും ന്യൂനപക്ഷത്തിന്റെ വലിയ രക്ഷകനായി വന്ന സി. എച്ച്. മുഹമ്മദുകോയ, ആർ.എസ്.എസ്സുമായി കൂട്ടുകൂടിയതിനെപ്പറ്റി ചോദിച്ചപ്പോഴും കോഴിക്കോട്ടുനിന്നു പറഞ്ഞത് കോരപ്പുഴയിൽക്കൂടി വളരെയധികം വെള്ളം ഒഴുകിപ്പോയി എന്നാണ്. കോരപ്പുഴയിൽക്കൂടി പലതും പോയിരിക്കുന്നു. ഞാൻ സി. എച്ച്. മുഹമ്മദുകോയയോടു പറയുകയാണ്....

ശ്രീ. പി. സീതിഹാജി: സർ, ഒരു ചോദ്യം.....

ശ്രീ. എം. വി. രാഘവൻ: മരക്കച്ചവടവുമല്ല പായുന്നത്, തടിക്കച്ചവടവുമല്ല പറയുന്നത്. ഇതു രാഷ്ട്രീയമാണ്. ഇപ്പോഴും ഞാൻ പ്രസംഗിക്കട്ടെ. ആർ.എസ്.എസ്.-കാരാണ് ജംഷഡ്പൂരിൽ അഞ്ഞൂറു പാവപ്പെട്ട മുസ്ലീങ്ങളുടെ തല വെട്ടിയത്. അലിഗറിൽ ആർ.എസ്.എസ്സുകാർ നൂറുകണക്കിന് പാവപ്പെട്ടവരുടെ തലവെട്ടി. ന്യൂനപക്ഷത്തിന്റെ നേതാവ് എന്നു പറയുന്ന ശ്രീമാൻ സി. എച്ച് മുഹമ്മദുകോയ പാവപ്പെട്ട ന്യൂനപക്ഷക്കാരന്റെ ശവത്തിന്റെ മേൽ ചവുട്ടി രാജഗോപാലനെയും ആർ.എസ്. എസ്സുകാരെയും കൂട്ടുപിടിച്ചു. എന്നിട്ടു നിവൃത്തിയില്ലാതെ ഈ രാജ്യത്തു പ്രസംഗിക്കുകയാണ് ന്യൂനപക്ഷത്തിന്റെ സംരക്ഷണമെന്ന്. ഏതു ന്യൂനപക്ഷത്തിന്റെ സംരക്ഷണം? എന്നിട്ട് രാജഗോപാലന്റെ പാർട്ടി പറയുന്നത് കോയക്ക് ഭരിക്കാമെങ്കിൽ എന്തുകൊണ്ട് ബാലേസാഹിബ് ദേവരശിന് ഭരിച്ചുകൂടാ? ഈ രാജ്യത്ത് ഞങ്ങളും ഹിന്ദു ഫ്യൂഡലിസത്തെയാണ് പ്രധാന ശത്രുവായി കാണുന്നത്. ഈ ഹിന്ദു ഫ്യൂഡലിസം ഇളക്കിവിടുന്നതിനാണ് ആർ.എസ്.എസ്. ശ്രമിക്കുന്നത്, അതുകൊണ്ടാണ് ജീവൻ കൊടുത്തും ഞങ്ങളുടെ പാർട്ടി ആർ.എസ്.എസ്സിനു എതിരായി പൊരുതുന്നത്. പക്ഷേ മുസ്ലീം വർഗ്ഗീയതയെ ഇളക്കിവിടാൻ കോയ ശ്രമിച്ചത് അപകടമാണ് എന്നു കോയ മനസ്സിലാക്കണം. കോയ ഒന്നു മനസ്സിലാക്കണം, ഇതു മതേതര ഭൗതിക രാഷ്ട്രമാണ്. ഇവിടെ പള്ളിയിലെ കൂട്ടുപ്രാർത്ഥനയും അതുപോലെ ബെല്ലടിച്ച് ഉച്ചപ്പള്ളിയും എല്ലാം പറഞ്ഞുകൊണ്ട് ന്യൂനപക്ഷം എന്നു പറഞ്ഞുകൊണ്ട് ഇവിടെ മതവികാരങ്ങളെ ഇളക്കിവിട്ടാൽ, ന്യൂനപക്ഷത്തിന്റെ കഴുത്തിനു കത്തിവയ്ക്കുന്നതിനു കഠാരിക്ക് മൂർച്ചകൂട്ടുകയാണ് രാജഗോപാലും നിങ്ങളും ചേർന്നിട്ട് ചെയ്യുന്നത് എന്ന് ശ്രീ. സി. എച്ച്. മുഹമ്മദുകോയ മനസ്സിലാക്കണം. ഈ രാജ്യത്ത് എന്തു വൃത്തികേടും കാട്ടിക്കൂട്ടാറുള്ള വർഗ്ഗീയ കോമരങ്ങളുമായി കൂട്ടുപിടിച്ചുകൊണ്ട് ആർ. എസ്. എസ്. .....(ബഹളം)

മി. ചെയർമാൻ: മി. രാഘവൻ സമയം കഴിഞ്ഞു, ശ്രീ. പി. ആർ. കുറുപ്പിനു പ്രസംഗിക്കാം.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലിനെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ബഞ്ചിൽനിന്നു എതിർക്കുന്നു എന്നു കേൾക്കുമ്പോഴും എനിക്കു അസുഖം തോന്നുന്നില്ല. പക്ഷേ പ്രതിപക്ഷത്തിരിക്കുന്ന മറ്റു രാഷ്ട്രീയ പാർട്ടികളും ഈ ബില്ലിനെ എതിർക്കുമോ എന്ന കാര്യത്തിൽ എനിക്കു സംശയം തോന്നുകയാണ്. പക്ഷേ ഇതിനുമുമ്പ് മുഖ്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. വി.-യുടെ ഇന്നത്തെ നിലപാടു കണ്ടപ്പോഴും ഇതിനെ എതിർക്കാനുള്ള നാണവുംകൂടി അദ്ദേഹത്തിനു ഉണ്ടാകുമെന്നു ഞാൻ സ്മരിച്ചുപോകുകയാണ്.

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയധികം കോളിളക്കം ഉണ്ടാകാൻ കാരണം ശ്രീ. സി. എച്ച്. സാഹിബ്ബിനു് ഗവൺമെൻറിൽ മുഖ്യമന്ത്രിപദം ഉണ്ടായിപ്പോയി എന്നതു കൊണ്ടാണോ എന്നു ഞാൻ സംശയിക്കുന്നു. ശ്രീ. പി. കെ. വി.-ക്കും അദ്ദേഹത്തിൻെറ പാർട്ടിക്കാർക്കും ഉള്ള ഫ്യൂഡലിസ്റ്റു് മനോഭാവത്തിൻെറ പ്രകടനമാണു് ഞാൻ ഈ കാര്യത്തിൽ ഈ അവസരത്തിൽ ഓർക്കുന്നതു്. സർ, പണ്ടു് മഹാകവി വള്ളത്തോൾ 'തൂക്കുമരത്തിൽവച്ചു്' എന്ന കവിതയിൽ ഉൾക്കൊള്ളുന്ന കോമൻ എന്ന കഥാപാത്രത്തിനുശേഷം ഞാൻ അതിനു് അനുചിതമായ കഥാപാത്രത്തെ കണ്ടെത്തിയതു് ശ്രീ. പി. കെ. വി.-യിൽ കൂടി മാത്രമാണു് എന്നു പറയാൻ ആഗ്രഹിക്കുന്നു. കോമൻെറ വാക്കുകൾ ഇതാണു്, സർ.

''ആ മഞ്ജുളാംഗിയുടെ മാറിൽ അശേഷശിൽപ്പി
കോമന്നുവേണ്ടി വിരചിച്ച മണിക്കുടങ്ങൾ ഹാ
മറ്റൊരുത്തനുടെ കൈവശമാകയോ താനീ
മണ്ണിലേവമുയിരോടമരുന്ന നാളിൽ''

എന്നാണു് വിചാരമെങ്കിൽ ആ വിചാരമൊന്നു മാറ്റി വയ്ക്കുന്നതാണു് നല്ലതെന്നാണു് എനിക്കു അദ്ദേഹത്തോടു് ഉപദേശിക്കാനുള്ളതു്. ജനാധിപത്യമുറയ്ക്കു് അനുസരിച്ചു് ഭൂരിപക്ഷമുള്ള ശക്തി പിന്നിൽ ഉണ്ടെങ്കിൽ നിയമസഭയിൽ ആർക്കും അധികാരസ്ഥാനത്തുവരാം. ആരും കസേരയിൽ ഇരിക്കും. ആരും ഭരിക്കുകയും ചെയ്യും. അതിൽ ലജ്ജിച്ചിട്ടു് കാര്യമില്ല. ഇന്നു് ചിന്തിക്കാൻ കോൺഗ്രസ്സിനോടു് ഉപദേശിച്ചതു് ശ്രീമാൻ എം. വി. രാഘവൻ ആണെന്നുള്ളതുകൊണ്ടു് ചിന്തയുടെ കാര്യം പ്രസക്തമായി വരുന്നില്ല. (സഭയിൽ ബഹളം)

റൂൾ 64-ൽ വ്യക്തമായി പറയുന്നു, മന്ത്രിസ്ഥാനം രാജിവച്ച മെമ്പർക്കു് അതു രാജിവയ്ക്കാനുള്ള കാര്യത്തെ സംബന്ധിച്ചു് വിശദീകരണം സ്പീക്കറുടെ അനുവാദം വാങ്ങിച്ചുകൊണ്ടു് നിയമസഭയിൽ ചെയ്യാവുന്നതാണു് എന്നു്. നേരെമറിച്ചു് പെട്ടെന്നുള്ള സംഭവവികാസമെങ്കിൽ പുതുതായി അധികാരസ്ഥാനത്തുവന്ന ഒരു ഭരണകൂടത്തിൻെറ തലവൻ അപ്പോൾത്തന്നെ ഒരു നയപ്രഖ്യാപനം ചെയ്യണമെന്നതു് നിഷ്കർഷയായി ചെയ്തിട്ടുള്ള ഒരേടവും കണ്ടില്ല. ശ്രീ. ഇ. എം. എസ്. രാജിവച്ചതിനു ശേഷം അധികാരസ്ഥാനത്തുവന്ന ശ്രീ. അച്യുതമേനോൻ നയപ്രഖ്യാപനം ചെയ്യുന്നതിനു് അടുത്ത ഗവർണ്ണറുടെ പ്രസംഗം ആയിരുന്നു ഉൾപ്പെടുത്തിയിരുന്നതു് എന്നതു് വസ്തുതയാണു്. ഇനി വരാൻപോകുന്ന ഗവർണ്ണറുടെ പ്രസംഗമാണു് ഗവൺമെൻറിൻെറ നയത്തെ സംബന്ധിച്ചുള്ള പ്രകടന സ്വഭാവം എന്ന ബാലിശമായ വാദങ്ങൾ പഠിക്കാൻ ശ്രമിച്ചില്ല—നമ്മുടെ പ്രതിപക്ഷനേതാവു് എന്നു പറയാൻ ഞാൻ ഈ സമയം ഉപയോഗിക്കുന്നു. ആ നിലയ്ക്കു് നോക്കുമ്പോൾ ഇന്നു് ഇവിടെ ഒരു നയപ്രഖ്യാപനം ചെയ്തില്ല എന്നതിനു് വളരെ വമ്പിച്ച ഒരു ആക്ഷേപം പ്രകടിപ്പിക്കുന്നതു് ശരിയല്ല. വളരെ ശക്തിയോടു സംഘടിച്ചുവന്ന ഒരു ഐക്യമുന്നണിയുടെ നേതാവു് എന്ന നിലയ്ക്കു് എന്തുകൊണ്ടു് ശ്രീ. പി. കെ. വി. മുഖ്യമന്ത്രിസ്ഥാനത്തുനിന്നു് ഒരു പ്രഭാതത്തിൽ ആരും അറിയാതെ മുണ്ടിലെ പൊടിയുംതട്ടി തിരിച്ചു വീട്ടിലേക്കു പോയി? അങ്ങനെ പോയപ്പോൾ എന്തുകൊണ്ടു മുഖ്യമന്ത്രിസ്ഥാനത്തുനിന്നു പോയി എന്നു പറയാൻ നിയമസഭാവേദി ഉപയോഗിച്ചില്ല എന്നാണു് എൻെറ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കുര്യൻ ഇപ്പോഴും പ്രസംഗിച്ചപ്പോഴും പറഞ്ഞു മുഖ്യ മന്ത്രി രാജിവച്ച കാരണം സംബന്ധിച്ച് അദ്ദേഹം പറയുമെന്ന്. പറഞ്ഞു എന്നു പറഞ്ഞില്ല. ഒരു പ്രഖ്യാപനം ഉണ്ടായില്ല എന്നുവരികിൽ എന്തിന് ഒളിച്ചുവച്ചു സർ. നിങ്ങളും ഇപ്പോഴും സ്വീകരിച്ച നയം നിങ്ങളുടെ പാർട്ടിയുടെ ലിക്വിഡേഷനിൽചെന്ന് നിൽക്കുമെന്ന് നിങ്ങളുടെ പാർട്ടിയുടെ നേതാവായ ഡാങ്കേ പറഞ്ഞതിനെ ഭയപ്പെട്ടല്ലേ നിങ്ങളും നയപ്രഖ്യാപനം ചെയ്യാതെ ഇരിക്കുന്നത് എന്ന് ഞാൻ ചോദിക്കുന്നു. ഈ ഗവൺമെൻറിന് ഒരു നയം ഉണ്ട്. നയം എന്താണെന്ന് പ്രഖ്യാപിക്കേണ്ടപ്പോഴും പ്രഖ്യാപിക്കും.

ശ്രീ. സി. എ. കുര്യൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. നിമിഷത്തിനു നിമിഷം പാർട്ടി മാറുകയും സീറ്റ് മാറുകയും ചെയ്യുന്ന ഒരു മെമ്പർക്ക് മറ്റൊരു മെമ്പറെക്കുറിച്ച് ഈ സഭയിൽ ഇല്ലാത്ത ആളെക്കുറിച്ച്..

മി. ചെയർമാൻ: ഇതിൽ പോയിൻറ് ഒന്നും ഇല്ല.

ശ്രീ. പി. ആർ. കുറുപ്പ്: ബഹുമാനപ്പെട്ട അങ്ങ് മെമ്പർമാരുടെ സൗകര്യങ്ങളും അനുവദിച്ചുകൊടുത്തുകൊണ്ട് പ്രവർത്തിക്കുന്നത് നല്ലതാണ്. പല മെമ്പർമാരും പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ട് എഴുന്നേൽക്കുമ്പോഴും എന്താണ് എന്ന് ചിന്തിക്കാൻ ഞങ്ങൾക്കൊക്കെ കഴിയും. ശ്രീ. കുര്യനെ ഞങ്ങൾക്കറിയാം സർ. വളരെ ശരിയായി അറിയാം. സ്വഭാവം എന്താണെന്നു ഞങ്ങൾക്കൊക്കെ അറിയാം.

ശ്രീ. എം. വി. രാഘവൻ: നേരത്തെ പറഞ്ഞ പോയിൻറ് അനുസരിച്ച് കുറിയുടെ പണം.....

ശ്രീ. പി. ആർ. കുറുപ്പ്: ശ്രീ. ബേബിജോണിനെപ്പറ്റി എൻറെ സ്നേഹിതൻ രാഘവൻ അതിനുമുമ്പ് എന്തൊക്കെ പറഞ്ഞിട്ടുണ്ട് എന്നു തിരിഞ്ഞുനോക്കണം. ഒന്നു തിരിഞ്ഞുനോക്കാമോ ചരിത്രത്തിലേക്ക്. ശ്രീ. പി. കെ. വി.-യെപ്പറ്റി ശ്രീമാൻ രാഘവൻ എന്തൊക്കെ പറഞ്ഞിട്ടുണ്ട്? ബഹുമാനപ്പെട്ട കോൺഗ്രസ് കക്ഷിനേതാവ് ദേവരാജ് അരശിൻറെ വീട്ടിലേക്ക് നിങ്ങളുടെ നേതാവ് ശ്രീ. ഇ. എം. എസ്, നമ്പൂതിരിപ്പാട് വെറ്റിലക്കെട്ടുമായി എത്ര പ്രാവശ്യം പോയിട്ടുണ്ട്? ഒന്നു തിരിഞ്ഞു നോക്കാമോ? ആർ.എസ്.എസ്സിൻറെ നേതാവ് ശ്രീമാൻ മാരാരെ ഹോസ്ദുർഗ്ഗിൽ വിജയിപ്പിക്കുന്നതിന് ശ്രീമാൻ രാഘവൻ വെള്ളം കുടിക്കാതെ പ്രവർത്തിച്ചത് മറക്കാൻ സാധിക്കുമോ? എന്തിന് ഏറെ പറയുന്നു, പരസ്യമായി അല്ലെങ്കിലും തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് രഹസ്യമായും ധാരണ ഉണ്ടാക്കാം. ആ നിലയ്ക്ക് കഴിഞ്ഞ ഇലക്ഷനിൽ ഉണ്ടായ ധാരണ ഞങ്ങൾക്കറിയാം. നയം എന്താണെന്നു ചോദിച്ചു. വ്യത്യസ്തമായ രാഷ്ട്രീയ പാർട്ടികളും ഒപ്പം ചേർന്ന് ഒരു ഗവൺമെൻറിനെ നിലനിർത്തുന്നു. വിശ്വസനീയമായ ഒരു സഭ്യ തയ്യാറാക്കിവച്ചിട്ട് വിളമ്പിക്കൊടുക്കാതെ ഒളിച്ചോടിപ്പോയാൽ അങ്ങനെ പോകുന്നവരെ പിടിച്ചിരുത്താൻ ഞങ്ങൾക്കു മനസ്സില്ല. ഒരു രാജ്യം ആപത്തിൽ പെടുമ്പോഴും, രാജ്യം സന്ദിഗ്ദ്ധാവസ്ഥയിലെത്തുമ്പോഴും രക്ഷിക്കാനുള്ള ചുമതല ഏറ്റെടുക്കുന്നവനാണ് ധന്യൻ. നേരെ മറിച്ച് അതിൻറെ നേരെ വാളോങ്ങി കണ്ടമാനം തെറിയും പറഞ്ഞുകൊണ്ട് നാടുവിട്ട് ഒളിച്ചോടുന്ന ഭീരുക്കളുടെ ഭരണം ഈ കേരളത്തിൽ ഇനി ഉണ്ടായിക്കൂടാ എന്നു വിശ്വസിക്കുന്നവനാണു ഞാൻ. ആ വാദം വച്ചുകൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തുനിന്നു പറഞ്ഞ അടിസ്ഥാനപരമായ വാദമുഖങ്ങളെ നിഷേധിക്കാനും ഈ ധനവിനിയോഗബിൽ സമ്പൂർണ്ണമായി അനുവദിച്ചുകൊടുക്കാനും ഈ സഭ തയ്യാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഈപ്പൻ കണ്ടക്കുടി: സർ, എന്റെ സമയം പാർട്ടിക്കു വിട്ടുകൊടുക്കുന്നു.

ശ്രീ. പി പി. വി. മൂസ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദുകോയയുടെ മന്ത്രിസഭ എന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു 'ഒയ്ത്തിരുന്ന' മന്ത്രിസഭയാണ്. 1977-ൽ ശ്രീമാൻ കരുണാകരൻ മുഖ്യമന്ത്രിയായി ഈ മുന്നണി അധികാരത്തിൽ വന്നു. ശ്രീമാൻ കരുണാകരനെത്തുടർന്ന്, അദ്ദേഹം രാജിവച്ചപ്പോഴും, ശ്രീമാൻ ആൻറണിയാണു മുഖ്യമന്ത്രിയായത്. അദ്ദേഹം രാജിവച്ചു പുറത്തുപോയപ്പോഴും ശ്രീമാൻ വാസുദേവൻ നായർ മുഖ്യമന്ത്രിയായി ഈ മുന്നണി തുടർന്നു. വാസുദേവൻ നായർ രാജിവച്ചു; ഇനി ശ്രീമാൻ കരുണാകരൻ മുഖ്യമന്ത്രിയായി വരണം, ഈ മുന്നണിയിൽ. സാധാരണ നമ്മുടെ സമുദായത്തിൽ മുസ്ലീം സ്ത്രീകളെ വിവാഹിതരായാൽ, അവരെ മൊഴിചൊല്ലിക്കഴിഞ്ഞാൽ, രണ്ടാമത് ആ പെണ്ണിനെ കെട്ടണമെങ്കിൽ ഒരുത്തൻ ഒരു രാവെങ്കിലും ആ സ്ത്രീയുടെ കൂടെ വിവാഹിതനായി കഴിയണം. അതിനാണ് ഒയ്ത്തിരിക്കുക എന്നു പറയുന്നത്. അപ്പോഴും കരുണാകരനു വീണ്ടും.....

(ബഹളം)

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ....

.....ഒരു സമുദായത്തെ അവഹേളിക്കുമാറ്, ആ സമുദായത്തിന്റെ പേരുപറഞ്ഞ്, ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങളെ പറഞ്ഞുനടക്കുന്ന ഒരു വിഡ്ഢി ഈ സഭയിൽ ആ സമുദായത്തെ അവഹേളിക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കള്ളപ്രചരണങ്ങളെ നടത്തുന്നത് ആർഡറിലാണോ?

(ബഹളം. 'നീ ഇസ്ലാമാണോടാ, ഹമുക്കേ' തുടങ്ങിയ പ്രയോഗങ്ങളുമുള്ള വലിയ ആരവം)

ശ്രീ. കെ. പി. രാമൻ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ.

.....ബഹുമാനപ്പെട്ട മൂസ സംസാരിക്കുമ്പോൾ 'ഹമുക്കേ' എന്ന ഭാഷ ശ്രീ സീതിഹാജി ഇവിടെ ഉപയോഗിച്ചു. ഹമുക്കേ എന്ന വാക്കിന്റെ അർത്ഥം വളരെ മോശമാണ്. അതുകൊണ്ട് ആ വാക്കു പിൻവലിക്കണം സർ.

ശ്രീ. എം. വി. രാഘവൻ: ഹമുക്ക് പാർലമെൻറിയാണോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ സംസാരിക്കുമ്പോൾ സഭയുടെ മാന്യതയും എല്ലാം പുലർത്തിക്കൊണ്ടു സംസാരിക്കണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹമുക്കേ എന്നുള്ളതു പാർലമെൻറിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: ഹമുക്ക് എന്നുള്ളതു 'അറിവില്ലാത്തവൻ' എന്നതിനുള്ള അറബിവാക്കാണ്. അറിവില്ലാത്തവൻ എന്നാണ് മലയാളത്തിൽ അർത്ഥം. വേറെ ഒന്നുമല്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ഇവിടെ പ്രസക്തമായ ഒരു ചോദ്യമാണു വന്നത്. ആ ചോദ്യത്തിനു ബഹുമാനപ്പെട്ട ചെയർ ഈ സഭയുടെ അന്തസ്സിനു നിരക്കുന്ന റൂളിംഗ് നൽകേണ്ടതു ആവശ്യമാണ്. സർ, ഈ സഭയിൽ ഒരംഗം സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ ആ അംഗത്തെ ഹമുക്കേ എന്നു വിളിച്ചുകൊണ്ട് മറ്റൊരംഗം സംസാരിച്ചു. അതു പാർലമെൻററിയാണോ എന്നാണ് ചോദ്യം. അങ്ങ് അതിനാണു റൂളിംഗ് നൽകേണ്ടതു. സംസാരിക്കുന്ന അംഗങ്ങൾ മാന്യതയോടുകൂടിയും മര്യാദയോടുകൂടിയും സംസാരിക്കണമെന്ന അങ്ങയുടെ ഉപദേശമല്ല ആവശ്യം, ഹമുക്കേ എന്നു വിളിക്കുന്നതു പാർലമെൻററിയാണോ എന്ന ചോദ്യത്തിനുള്ള റൂളിംഗാണ്.

മി. ചെയർമാൻ: പരിശോധിച്ചു റൂളിംഗ് നൽകാം. ഇവിടെ ശ്രീ. രാമൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചു. ഞാൻ അതിനെപ്പറ്റി പരിശോധിച്ച് വ്യക്തമായ റൂളിംഗ് നൽകാം. ശ്രീ. മൂസക്ക് പ്രസംഗം തുടരാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: റൂളിംഗ് വരുന്നതുവരെ ഈ 'ഹമുക്ക്' എവിടെ ഇരിക്കും. അതറിഞ്ഞാൽ മതി.

മി. ചെയർമാൻ: അതിനെക്കുറിച്ചു ഞാൻ പരിശോധിച്ച് വ്യക്തമായ റൂളിംഗ് നൽകുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: അതുവരെ ഹമുക്ക് എന്ന് വിളിക്കാമെന്നാണോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിൽ ഹമുക്ക് എന്ന പ്രയോഗം ഉദ്ധരിച്ചുകൊണ്ട് അത് വല്ലാത്ത പദപ്രയോഗമാണെന്നു തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്; ഹമുക്ക് എന്നു പറഞ്ഞാൽ 'വിവരം കുറഞ്ഞ അഭിപ്രായപ്രകടനം', 'വിവരം കുറഞ്ഞവൻ' എന്നുമാത്രമേ അർത്ഥമുള്ളു. അതിൽക്കവിഞ്ഞ അർത്ഥമില്ലാത്ത സ്ഥിതിക്ക് അപമാനകരമായ അർത്ഥമുണ്ടെന്നു വരുത്തത്തക്കവിധത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ആർഡറിലാണോ?

മി. ചെയർമാൻ: ശ്രീ. നൂറുദ്ദീന്റെ അഭിപ്രായവും ഇവിടെ കേട്ടു. ഹമുക്ക് എന്ന വാക്കിനു കൂടുതൽ വ്യാപകമായ അർത്ഥമുണ്ടോ എന്നു പരിശോധിച്ചശേഷം ഞാൻ അതിനെക്കുറിച്ച് വ്യക്തമായ റൂളിംഗ് നൽകുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ഹമുക്ക് എന്നു പറഞ്ഞാൽ അതൊരു മോശപ്പെട്ട വിളിയാണെന്നാണ് ഞങ്ങൾ ധരിച്ചത്. അല്ലെന്നാണ് രണ്ടു ഹമുക്കുകൾ ഇവിടെ പറഞ്ഞത്—കെ. പി. നൂറുദ്ദീനും സീതിഹാജിയും. ആ രണ്ടു ഹമുക്കുകൾ പറഞ്ഞതോ ശരി ഹമുക്കെന്നു വിളിച്ചതോ ശരി എന്നു പരിശോധിച്ചാൽ തരക്കേടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇവിടെ ഈ സഭയിൽ പരാമർശിക്കപ്പെട്ട ആ വാക്കിന്റെ വ്യാപകമായ അർത്ഥം പരിശോധിച്ചശേഷം വ്യക്തമായ റൂളിംഗ് നൽകാം. . അതിനുമുൻപ് വീണ്ടും എനിക്കു ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്—സഭയിൽ സംസാരിക്കുമ്പോഴും കൂടുതൽ സഭ്യമായ നിലയിൽ, മാന്യമായ നിലയിൽ, സംസാരിക്കുകയും സഭാനടപടികളും നടത്തിക്കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കുകയും വേണം എന്നാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾ എന്തെങ്കിലും അഭിപ്രായം പറയാൻവേണ്ടി പോയിന്റ് ഓഫ് ആർഡർ ഉന്നയിക്കുന്നതു ശരിയല്ല. ആ നിലയിൽ പോയാൽ അനുവദിക്കാൻ സാധ്യമല്ല.

ശ്രീ. സി. എം. സുന്ദരം: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഈ സഭയെ വളരെ ഗുരുതരമായി തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിൽ ഒരു പെണ്ണ് ഒരാളുടെ അടുത്ത് കിടക്കുന്ന കാര്യത്തെക്കുറിച്ച് ശ്രീ. പി. പി. വി. മൂസ പറഞ്ഞു. അത് വളരെ ഗൗരവമായി ഏടുക്കേണ്ട കാര്യമാണ്. ആ കാര്യംകൂടി ഹമുക്ക് എന്നുള്ള വാക്കിനോടുകൂടിതന്നെ പരിശോധിച്ച് സഭയിൽ പറയേണ്ടതുണ്ട്.

1 p.m.]

മി. ചെയർമാൻ: അത് പരിശോധിക്കാൻ അസാദ്ധ്യമാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭാനടപടികളിൽ വെറും ഒരു ഹമുക്കായ നൂറുദ്ദീൻ പറഞ്ഞ അഭിപ്രായപ്രകാരം.....

മി. ചെയർമാൻ: ശ്രീ. നൂറുദ്ദീൻ പറഞ്ഞപ്രകാരം ഹമുക്ക് എന്നു പറഞ്ഞാൽ വിവരം കുറഞ്ഞവൻ എന്നാണ് അർത്ഥം.

ശ്രീ. കെ. പി. നൂറുദ്ദീൻ: ശ്രീ. വിജയനേയും ശ്രീ. എം. വി. രാഘവനേയുംപോലെ ഹമുക്കല്ല.

ശ്രീ. പിണറായി വിജയൻ: സഭയ്ക്കുപുറത്ത് പല ആളുകളും പലതും സംസാരിക്കുന്നത് കേൾക്കാറുണ്ട്. ശ്രീ. സീതിഹാജിയെ ഇരപ്പാളി എന്ന് വിളിക്കുന്നത് കേൾക്കുന്നുണ്ട്. അതേസമയം സഭയ്ക്കകത്ത് നമ്മൾ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ഒരു മെമ്പറെ ഇരപ്പാളി എന്നു വിളിക്കുന്നത് ശരിയല്ല.

(ബഹളം)

മര്യാദ കുറഞ്ഞവൻ എന്നോ ഇരപ്പൂസ് എന്നോ ഒക്കെ വിളിക്കുന്നത് ഓർഡറിൽ ആവുകയില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി റൂളിംഗ് ഉണ്ടാകണം.

മി. ചെയർമാൻ: ഈ കാര്യത്തെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. പി. വി. മൂസ: സീതിഹാജിയെന്ന ഹമുക്കിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അയാളാണ് ശ്രീ. സി. എച്ച്. മുഹമ്മദു കോയയെ ഇത്രയും ചീത്തയാക്കിയതെന്ന് എനിക്കറിയാം. 1977-ൽ ഒരു തെരഞ്ഞെടുപ്പ് ഉണ്ടായപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി നാടുനീളെ പ്രസംഗിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നടന്നത് 'ബഹറിൽ' മുസല്ല ഇട്ട് നമസ്ക്കരിച്ചാലും ആർ.എസ്. എസ്സിനെ വിശ്വസിക്കുകയില്ലെന്നാണ്. അന്ന് ശ്രീ. ശങ്കരൻകുട്ടി പ്രസംഗിച്ചു നടന്നു വടക്ക് ഒരു സൂര്യൻ ഉദിച്ചിരിക്കുന്നു എന്ന്. ആ ഉദിച്ച സൂര്യൻ മഞ്ഞ സൂര്യൻ ആയിരുന്നു എന്ന് അന്ന് കോയ പ്രസംഗിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ മഞ്ഞ വെളിച്ചത്തിൽ വെളിച്ചം ചിരിച്ചുകൊണ്ട് ഒരു കോളിനോസ് പുഞ്ചിരിയിലൂടെ ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിക്കാൻവേണ്ടിയുള്ള ഒരു പുതുമണവാട്ടിയെപോലെ പെരുമാറുകയാണ്. നേരത്തെ പറഞ്ഞതുപോലെ ഒയ്യത്ത് ഇരിക്കുന്ന മുഖ്യമന്ത്രിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സ്ഥാനത്ത് ശ്രീ. കരുണാകരൻ വരും. അതിന് കളം ഒരുക്കാൻവേണ്ടിയാണ് ഈ തന്ത്രം. അതുകൊണ്ട് അദ്ദേഹം പാസ്സാക്കിത്തരണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. ഒ. ലൂക്കോസ്: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിന്താങ്ങുകയാണ്. ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ അന്താരാഷ്ട്ര പ്രശ്നങ്ങളെക്കുറിച്ചോ അഖിലേന്ത്യാതലത്തിൽ ഉരുത്തിരിഞ്ഞുവരുന്ന രാഷ്ട്രീയ സംഭവവികാസങ്ങളെക്കുറിച്ചോ വിലയിരുത്തുവാൻ ഒട്ടും സമയം വിനിയോഗിക്കുന്നില്ല. പക്ഷെ മനസ്സിന്റെ സമാധാനത്തിനുവേണ്ടി ചില കാര്യങ്ങൾ ഞാൻ അനുസ്മരിച്ചുപോവുകയാണ്. ഈ ധനവിനിയോഗബിൽ പാസ്സാക്കുന്നത് സംഭവബഹുലമായ ഒരു രാഷ്ട്രീയ നാടകത്തിന്റെ ഉത്തേജജനകമായ ഒന്നാം അങ്കത്തിന് തിരശ്ശീല വീണതിന് ശേഷമാണ്. ആ ഒന്നാം അങ്കത്തിന്റെ തിരശ്ശീല വീഴുമ്പോൾ ആ രംഗത്തെ പ്രധാന കഥാപാത്രം ഈശ്വരൻ ആയിരുന്നുവെന്ന് എനിക്കു തോന്നിപ്പോകുന്നു. ഒന്നാമത് അങ്കത്തിന് തിരശ്ശീല വീഴുന്നത് മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായരുടെ രാജിയോടുകൂടിയാണ്. ആ രംഗത്തെ പല കഥാപാത്രങ്ങളും കസേര മറിഞ്ഞ് വീഴുന്ന രംഗമാണ് നാം കാണുന്നത്. 'പാലാ മാണിയുടെ ഉരുട്ടു നാടകമാണോ ചമ്പക്കര കുറുപ്പിന്റെ ചവിട്ടുനാടകമാണോ വിജയിക്കുന്നതെന്ന് കാണാമെന്ന് പറഞ്ഞ കുറുപ്പ് അതു പറഞ്ഞ് 90 ദിവസംപോലും പൂർത്തിയാകുന്നതിനുമുമ്പേ

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം,
തിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ.

എന്നുള്ള മൂളിപ്പാട്ടും പാടിക്കൊണ്ട് ഇറങ്ങിപ്പോകുന്നത് കാണുമ്പോൾ ഒന്നാമത് രംഗത്ത് ആദ്യം കാണുന്നത് ദൈവത്തെ ആണ്. അദ്ദേഹത്തെ തുടർന്ന്

'അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു!

എന്നുള്ള ഗാനം ആലപിച്ചുകൊണ്ട് എന്റെ അടുത്ത് ഇരിക്കുന്ന ശ്രീ. ടി. എസ്. ജോൺ ഇറങ്ങിപ്പോകുമ്പോഴും ആ രംഗത്ത് ഒന്നാമത്തെ കഥാപാത്രം ദൈവം തന്നെയാണ്. ആ ഒന്നാമത് രംഗത്തിൽ ഞാൻ ഒരു കാര്യം തുറന്ന് പറയാൻ ആഗ്രഹിക്കുന്നു. കേരളാ കോൺഗ്രസ്സുകാർ

LIBRARY ARCHIVES Kerala Legislative Assembly

അന്ന് ഒരു പത്മവ്യൂഹത്തിനുള്ളിൽ ആയിരുന്നു. ആ പത്മവ്യൂഹത്തിൽ നിൽക്കുന്ന കേരളാ കോൺഗ്രസ്സിനേയും ശ്രീ. കെ. എം. മാണിയേയും പല ആളുകളും പല തരത്തിൽ അസ്ത്രം എയ്യാൻ തുനിഞ്ഞു. അതിനെക്കുറിച്ച് നിങ്ങളോട് ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ശ്രീ. ചുമ്മാറിന്റെ സുന്ദരമായ ഒരു വാക്യശകലമാണ്. 'പല വലയും വലിച്ച മാണി ഈ തവണ പഴവലയിൽ കുടുങ്ങുമോ' എന്നുള്ള ഒരു വാചകം അദ്ദേഹം പത്രത്തിൽ എഴുതി. അദ്ദേഹം പഴവലയിലൊന്നും കുടുങ്ങിയില്ല. സ്വതന്ത്രമായി ഇറങ്ങിപ്പോന്നു. അതിനുശേഷമാണ് ഈ രാജ്യത്ത് പല സംഭവവികാസങ്ങളും നടക്കുന്നത്. ആരോടും പകരം വീട്ടാനല്ല. കഴിഞ്ഞകാലാനുഭവങ്ങൾ ചില പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഒരുമിച്ചുനിൽക്കുന്നവർ ഒരുമിച്ചുതന്നെ നിൽക്കണം. ആത്മാർത്ഥമായി നിൽക്കണം. സത്യസന്ധമായി നിൽക്കണം. ഒരു വശത്ത് മുന്നണിയുടെയും ഐക്യത്തിന്റെയും മധുവിധു ആഘോഷിക്കുകയും മറുവശത്ത് ചാരവൃത്തി ചെയ്യുകയും ചെയ്യുന്നത് ഈ രാജ്യത്ത് ഒരിക്കലും നല്ലതല്ല. ആ അനുഭവപാഠം തീർച്ചയായും പഠിക്കുമെന്നാണ് എന്റെ വിശ്വാസം. രാഷ്ട്രീയ സത്യസന്ധതയുടെ ഉടമയായ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ, ഒരിക്കലും രാഷ്ട്രീയ സത്യസന്ധതയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ലാത്ത ശ്രീ. സി. എച്ച്. മുഹമ്മദുകോയ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് സത്യസന്ധമായി, അന്തസ്സായി പാരമ്പര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുമ്പോട്ടുപോകുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടുകൂടി ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സർവാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ബില്ലിനെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. സന്തോഷത്തിനു കാരണം ഒന്ന് പ്രതിപക്ഷ ബഹുമാനം ഉള്ളതുകൊണ്ടുതന്നെയാണ്. പ്രതിപക്ഷത്തിരിക്കുന്ന പി. കെ. വാസുദേവൻ നായരുടെ മന്ത്രിസഭ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ധനാഭ്യർത്ഥനയ്ക്ക് അംഗീകാരം കൊടുക്കുന്ന ഈ ബില്ലിനെ പിന്താങ്ങുന്നത്, അതിനെ പാസ്സാക്കി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നത് പ്രതിപക്ഷത്തോടുള്ള ബഹുമാനം കൊണ്ടാണ്.

സർ, രണ്ടാമത്തെ കാര്യം 1977 മാർച്ചിൽ ഒരു ഉറച്ച ഗവൺമെന്റ് ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഇവിടെ നമ്മെ തെരഞ്ഞെടുത്ത് അയച്ച മുഴുവൻ ജനങ്ങളുടെയും പിന്തുണയുള്ള, അവരുടെ വികാരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളതുതന്നെയാണ്. അവരുടെ ആഗ്രഹം ഇവിടെ ഒരു ഉറച്ച ഗവൺമെന്റ് വേണമെന്നുള്ളതാണ്. അതല്ലാതെ ഓരോ രാഷ്ട്രീയ പാർട്ടിക്കും പുതിയ പുതിയ ബന്ധങ്ങൾ ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുമ്പോൾ വലിച്ച് എറിഞ്ഞ് പോകേണ്ട ഒരു ഗവൺമെന്റായിരിക്കണം ഇവിടത്തെ ഗവൺമെന്റ് എന്ന് ഈ രാജ്യത്തെ ജനങ്ങൾ കരുതുന്നില്ല.

സർ, ഈ ബില്ലിനെ പിന്താങ്ങുന്നതിനുള്ള മൂന്നാമത്തെ കാരണം ഒരു ന്യൂനപക്ഷ സമുദായത്തിന്റെ നേതാവ് ഈ ഗവൺമെന്റിന്റെ നേതാവായി വന്നിട്ടുണ്ട് എന്നുള്ളതുതന്നെയാണ്. അതിൽ വിഷമതയുള്ള ചിലർ ഉണ്ട്. ന്യൂനപക്ഷങ്ങളുടെയും അവശ വിഭാഗങ്ങളുടെയും നേതൃത്വം കുത്തകയാക്കിവയ്ക്കാമെന്ന് ആഗ്രഹിച്ചിരുന്ന ചില ആളുകൾക്ക് അത് കൈവിട്ടുപോയതിൽ പ്രയാസമുണ്ട്. അത് സ്വാഭാവികമായും ഉണ്ടാകുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷങ്ങളുടെ കൈകളിലേക്ക് അവരുടെ താൽപര്യങ്ങളും സംരക്ഷിക്കുന്നതിനുള്ള അവകാശം മാറി മാറി കിട്ടേണ്ടതു് രാജ്യത്തിന്റെ ഒരു ആവശ്യമാണു്. അതു് ഉണ്ടായതിൽ അഭിമാനം കൊള്ളുകയാണു്.

സർ, രാവിലെ പ്രതിപക്ഷനേതാവു് നയത്തിന്റെ പേരിൽ ചില സീനുകളെല്ലാം ഇവിടെ കാണിക്കുകയുണ്ടായി. അദ്ദേഹം ഗവൺമെന്റിന്റെ നയം എന്താണു് എന്നു ചോദിച്ചു. അദ്ദേഹത്തിന്റെ വികാരം മനസ്സിലാക്കാം. "മരത്തിന്റെ മുകളിലിരിക്കുന്ന കോഴിയെ താഴെ തള്ളിയിടാനായി കുറുക്കൻ കണ്ണു് ഉരുട്ടി കാണിക്കുന്നു. അതു് കണ്ടു പേടിച്ചു് കോഴി താഴെ വീഴുന്നു". ആ കോഴിയുടെ വികാരം നമുക്കു് മനസ്സിലാക്കാൻ കഴിയും. ഗവൺമെന്റിനു് വ്യക്തമായ നയം ഉണ്ടെന്നു് പ്രസ്താവിച്ചുകഴിഞ്ഞു. ഇവിടത്തെ ജനങ്ങളുടെ ആഗ്രഹം ഇവിടെ ഒരു ഉറച്ച ഗവൺമെന്റു് വേണമെന്നുള്ളതാണു്. അതുകൊണ്ടു് ഒരു ഗവൺമെന്റു് ഉണ്ടാക്കുക എന്നുള്ളതാണു് നമ്മുടെ ഒന്നാമത്തെ നയമെന്നു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമായി പ്രസ്താവിച്ചു. എന്നാൽ അതിന്റെ വിശദാംശങ്ങളെക്കുറിച്ചു്, പ്രാക്ടിക്കൽ ഡീറ്റെയിൽസിനെക്കുറിച്ചാണു് പിന്നീടു് പ്രസ്താവിക്കാമെന്നു് പറഞ്ഞതു്. നയം വളരെ വ്യക്തമാണു്. മുമ്പു് ജനങ്ങളെ വഞ്ചിച്ചുകൊണ്ടു് പുറത്തു് പോയ ഗവൺമെന്റുകളും ഇവിടെ എന്തെങ്കിലും നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടെങ്കിൽ, നല്ല ബില്ലുകളും അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം പാസ്സാക്കി എടുക്കുകയെന്നുള്ളതു് ഈ ഗവൺമെന്റിന്റെ നയംതന്നെയാണു്.

സർ, ശ്രീ. കുര്യൻ പ്രസംഗിച്ച സമയത്തു് ഇവിടെ ഒരു അഭ്യർത്ഥന കേൾക്കാൻ ഇടയായി. അതായതു് പഴയ ഗവൺമെന്റു് എന്തെങ്കിലും തെറ്റു് ചെയ്തിട്ടുണ്ടെങ്കിൽ അതു് തിരുത്തണമെന്നു്. ആ ഗവൺമെന്റു് ചെയ്തിട്ടുള്ള തെറ്റുകളും തിരുത്തുകയെന്നുള്ളതും ഈ ഗവൺമെന്റിന്റെ നയം തന്നെയാണു്. വിപ്ലവത്തിന്റേയും പുരോഗമനത്തിന്റേയും പേരു് പറഞ്ഞുകൊണ്ടു് ഈ രാജ്യത്തെ തൊഴിലാളികളേയും ഹരിജനങ്ങളെയും വഞ്ചിക്കുന്ന നയം ആയിരിക്കുകയില്ല, നേരെമറിച്ചു് ഈ രാജ്യത്തെ പാവപ്പെട്ട ആളുകളുടെ നയം ആയിരിക്കും ഈ ഗവൺമെന്റിന്റെ നയമെന്നു് ഞാൻ പറയുകയാണു്.

ശ്രീ. കെ. സി. വാമദേവൻ: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഈ സഭയിൽ ഉള്ളപ്പോഴും പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷത വഹിക്കുന്നതു് ഓർഡറിലാണോ?

ശ്രീ. കെ. അനിരുദ്ധൻ: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. നമ്മുടെ മുഖ്യമന്ത്രി ഗവൺമെന്റിന്റെ നയം പ്രഖ്യാപിച്ചിട്ടില്ലാത്ത സ്ഥിതിക്കു് ശ്രീ. സുന്ദരേശൻ നായർ ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കുന്നതു് ഓർഡറിലാണോ?

Mr. Chairman: There is no point of order.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ പിന്താങ്ങുകയാണു്. എന്റെ പാർട്ടി, ശ്രീ. സി. എച്ചു്. മുഹമ്മദുകോയയുടെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയ്ക്കു് നിരുപാധികമായ പിന്തുണയാണു് കൊടുക്കുന്നതു്. അതിന്റെ അടിസ്ഥാനത്തിലാണു് ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുന്നതു്. ഈ ഗവൺമെന്റു് ഈ സംസ്ഥാനത്തു് അത്യാവശ്യമാണെന്നുള്ളതാണു് എന്റെ പാർട്ടിയുടെ നിഗമനം. സർ,

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക രാഷ്ട്രീയകക്ഷി ഒരു പ്രത്യേക രാഷ്ട്രീയാവശ്യത്തിനു വേണ്ടി, അതിനേറ്റതായ സ്വാർത്ഥതാല്പര്യം സംരക്ഷിക്കുവാൻവേണ്ടി ഭരണഘടനയെ മറികടന്നുകൊണ്ട് ഇവിടെ ഉണ്ടായിരുന്നതായ മന്ത്രിസഭയെ തകർത്തു. ശ്രീ. പി. കെ. വാസുദേവൻ നായർ ഒരു സുപ്രഭാതത്തിൽ ഒരു കാരണവും പറയാതെ, ഒരു കാരണവും ഇതുവരേയും നമ്മളെ അറിയിക്കാതെ രാജിവച്ചു. അതിനുശേഷം ഇവിടെ നിലവിൽവന്ന ഈ മന്ത്രിസഭയ്ക്ക് പ്രവർത്തിക്കുവാൻ അർഹതയുണ്ട്. ജനാധിപത്യസമ്പ്രദായത്തിലുള്ള ഒരു മന്ത്രിസഭയ്ക്ക് പകരം പ്രസിഡൻറ് റൂൾ ക്ഷണിക്കുകയെന്നുള്ളത് സാധാരണഗതിയിൽ ആശ്ചര്യകരമാണ്. പ്രസിഡൻറ് ഭരണം ഈ സംസ്ഥാനത്ത് ഒഴിവാക്കിക്കൊണ്ട് ജനാധിപത്യപരമായ ഒരു മന്ത്രിസഭ രൂപീകരിക്കപ്പെടുകയെന്നുള്ളത് ഈ സംസ്ഥാനത്ത് ഇന്നത്തെ നിലയിൽ ആവശ്യമാണെന്നു കണ്ടതുകൊണ്ടാണ് ഈ ഗവൺമെൻറിന് ഞങ്ങൾ പൂർണ്ണ പിന്തുണ നൽകുന്നത്.

ശ്രീ. എം. വി. രാഘവൻ സാധാരണഗതിയിൽ എത്ര ചുറുചുറുക്കോടുകൂടിയാണ് ഇവിടെ പ്രസംഗിക്കാറുള്ളത്. എന്നാൽ ഇന്ന് അദ്ദേഹത്തിൻെറ പ്രസംഗം വെറും ദീനരോദനം മാത്രമായിരുന്നു. ഇത് കേട്ടപ്പോൾ എനിക്ക് അദ്ദേഹത്തോടും അദ്ദേഹത്തിൻെറ പാർട്ടിയോടും സഹതാപം തോന്നി. കമ്മ്യൂണിസ്റ്റ് പാർട്ടി കരുതൽ തടങ്കൽ നിയമത്തെ പ്രത്യക്ഷമായും പരോക്ഷമായും പിന്താങ്ങുകയാണ്. എത്രയുംവേഗം കേന്ദ്രത്തിൽ നടക്കാൻപോകുന്ന തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാനുള്ള പരിശ്രമമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളത്. ലജ്ജാകരമെന്ന് പറയട്ടെ, ഇന്ന് കാലത്ത് ദേശാഭിമാനിയിൽവന്ന.....

ശ്രീ. എം. സത്യനേശൻ: സർ, ഈ കഴിഞ്ഞ സമ്മേളനത്തിൽ ഗവൺമെൻറ് കൊണ്ടുവന്ന ഡിമാൻറിനെ എതിർത്ത് പോലും ആവശ്യപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ അതേ ഡിമാൻറിനെ പിന്താങ്ങി സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: മുൻപ് പാസ്സാക്കപ്പെട്ട ഡിമാൻറുകൾ ഇപ്പോൾ ഉപയോഗിക്കുവാൻ പോകുന്ന ഗവൺമെൻറിൽവന്ന വ്യത്യാസത്തെ ആസ്പദമാക്കിയാണ് ഈ ധനവിനിയോഗബില്ലിനെ ഞാൻ ഇപ്പോൾ പിന്താങ്ങുന്നത്.

ഇന്ന് രാവിലെ ദേശാഭിമാനിയിൽവന്ന മുഖപ്രസംഗം ഞാൻ കണ്ടു. പ്രസിഡൻറ് അടിയന്തിരമായും ഈ രാജ്യത്ത് തെരഞ്ഞെടുപ്പ് നടക്കുമെന്ന് ചെയ്തിട്ടുള്ള പ്രസ്താവന തെറ്റാണെന്നുള്ള നിഗമനത്തിലാണ് ദേശാഭിമാനിയുടെ മുഖപ്രസംഗം എത്തിയിട്ടുള്ളത്. കരുതൽത്തടങ്കലിനേയും അതുപോലെതന്നെ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാനുള്ള അവസ്ഥയേയും എതിർത്തുകൊണ്ട് ഈ രാജ്യത്ത് ഏകാധിപത്യം സ്ഥാപിക്കുവാൻ പരിശ്രമിച്ചുവരുന്നതായിട്ടുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് എന്താണെന്നുവച്ചാൽ ഈ നിയമസഭ പിരിച്ചുവിടുകയെന്നുള്ളതാണ്. അവർ ഈ നിലപാട് സ്വീകരിക്കുന്നതിൽ അൽഭുതമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ ശ്രമം പരാജയപ്പെടുത്തുകയാണ് ചെയ്യേണ്ടത്. അപ്രകാരം പരാജയപ്പെടുത്തേണ്ടത് നമ്മുടെ രാജ്യത്തിൻെറ ഒരാവശ്യംകൂടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the Chair].

ശ്രീ. ടി. എസ്. ജോൺ: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു ഭരണസ്ഥിരതയുണ്ടാകേണ്ടതേ ആവശ്യമാണെന്ന് കേരളത്തിലെ ജനാധിപത്യവിശ്വാസികളെ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഈ മന്ത്രിസഭയ്ക്ക് ഞങ്ങൾ പിന്തുണ നൽകിയതും ജനാധിപത്യ ഭരണസംവിധാനം ഈ രാജ്യത്ത് നിലനിറുത്തുന്നതിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ചതും. ശ്രീ. ലൂക്കോസിന്റെ രാഷ്ട്രീയപ്രസ്ഥാനം മന്ത്രിസഭയിൽനിന്നും ഇറങ്ങിപ്പോയതിലുള്ള വേദന ഇപ്പോഴും തീർന്നിട്ടില്ലെന്നാണ് ശ്രീ. ലൂക്കോസിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. എങ്കിലും എന്റെ രാഷ്ട്രീയപ്പാർട്ടി പിന്തുണ നൽകുന്ന ഗവൺമെന്റിന് പിന്തുണനൽകുവാനെങ്കിലും അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിക്കാരും തയ്യാറായതിൽ സന്തോഷമുണ്ട്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം, ജനാഭിലാഷം എന്താണെന്ന് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പും വിദ്യാർത്ഥി കോൺഗ്രസിന്റെ തെരഞ്ഞെടുപ്പും കഴിഞ്ഞിട്ടും ഒരു പാഠംപോലും പഠിച്ചില്ലല്ലോയെന്നുമാത്രമേ എനിക്ക് പറയാനുള്ളു. കേരളാ കോൺഗ്രസ്സിന്റെ ശക്തിദുർഗ്ഗങ്ങൾ മുഴുവൻ ശ്രീ. പി. ജെ. ജോസഫ് നേതൃത്വംകൊടുക്കുന്ന കേരളാ കോൺഗ്രസ്സിൽ തന്നെയാണുള്ളത്.

ഡോ. ജോർജ് മാത്യു: സർ, ഒരു ചോദ്യം.

ശ്രീ. ടി. എസ്. ജോൺ: ഞാൻ ചോദ്യത്തിന് വഴങ്ങുന്നില്ല. കൂട്ടനാട് എവിടെ നിൽക്കുന്നു? കാർഷിക മേഖല എവിടെ നിൽക്കുന്നു? ചമ്പക്കുളം ബ്ലോക്കിലെ പഞ്ചായത്തുമെമ്പർമാരുടെ പ്രതിനിധിയായി ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയിലേക്ക് എന്റെ രാഷ്ട്രീയപ്പാർട്ടിയിലെ ജില്ലാ പ്രസിഡന്റ് ശ്രീ. ഉമ്മൻ മാത്യു വിജയിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് എന്തു പറയുന്നു ശ്രീ. ഈപ്പൻ കണ്ടക്കുടി. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി ബ്ലോക്കിൽ ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ മെമ്പറായി എന്റെ രാഷ്ട്രീയപ്പാർട്ടിയിലെ സംസ്ഥാനക്കമ്മിറ്റി മെമ്പറായ ശ്രീ. എ. എസ്. തോമസ് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വിജയിച്ചിരിക്കുന്നു. അതുപോലെതന്നെ പഞ്ചായത്തുമെമ്പറൻമാരായി എന്റെ നിയോജകമണ്ഡലത്തിൽനിന്നും 46 പേരാണുള്ളത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സ്ഥിതി ഇതാണ്, എല്ലാ മേഖലകളിലും ഈ രാജ്യത്തെ ജനങ്ങളും ശ്രീ. കെ. എം. മാണിയെ പിന്തള്ളിയിരിക്കുന്നു.

വിദ്യാർത്ഥി കോൺഗ്രസിന്റെ കാര്യം പറഞ്ഞാൽ ശ്രീ. കെ. എം. മാണിക്ക് പിന്തുണ നൽകുന്ന വിദ്യാർത്ഥിപ്രസ്ഥാനത്തിന് മൽസരിക്കുവാൻ കഴിഞ്ഞ ഏക ജില്ല കോട്ടയം ജില്ല മാത്രമാണ്. എന്നാൽ മൽസരിക്കുവാൻ ഞങ്ങൾ സമ്മതിച്ചത് മറ്റു ജില്ലകളിലാണ്. ഇപ്പോൾ വിദ്യാർത്ഥിവർഗ്ഗവും നിങ്ങളെ പിന്തള്ളിയിരിക്കുന്നു. യുവാക്കളും പിൻതള്ളിയിരിക്കുന്നു, വിദ്യാർത്ഥിവർഗ്ഗം പിന്തള്ളിയിരിക്കുന്നു. കർഷക ജനതയും കർഷകരുടെ ശക്തികേന്ദ്രങ്ങളും മുഴുവൻ ഞങ്ങളുടെ കൂടെത്തന്നെയാണുള്ളത്. ആ നിലയ്ക്ക് ഇപ്പോഴെങ്കിലും ഒരു പാഠം പഠിച്ചെങ്കിൽ മതിയായിരുന്നു. എന്റെ രാഷ്ട്രീയപ്പാർട്ടിയുടെ നയം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആർ. എസ്. എസ്.-നു പിന്തുണ നൽകുന്ന ജനസംഘടനാ ഭാരതത്തിൽ അധികാരത്തിൽ വരരുതെന്നുള്ളതാണ് എന്റെ പാർട്ടിയുടെ നയം.

LIBRARY ARCHIVES Kerala Legislative Assembly

അതിനനുസൃതമായി ചെറിയ രാഷ്ട്രീയപ്രസ്ഥാനമാണെങ്കിലും അടുത്തുവരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആർ. എസ്. എസ്സിന് പിന്തുണയുള്ള ജനതാപാർട്ടി ഭാരതത്തിൽ അധികാരത്തിൽ വരാതിരിക്കാനുള്ള നയപരിപാടികളും സ്വീകരിക്കും. അതാണ് എന്റെ പാർട്ടിയുടെ നയം. അല്ലാതെ അധികാരത്തിനുവേണ്ടി കേരളാകോൺഗ്രസ് പാർട്ടി മതേതരത്തിൽ വിശ്വസിക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തെ ന്യൂനപക്ഷ അവകാശത്തെ ധ്വംസിക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തെ ആർ. എസ്. എസ്. ജനതയ്ക്ക് കെ. എം. മാണിയുടെ പാർട്ടി പണയംവച്ചതുപോലെ പണയം വയ്ക്കുന്ന പ്രശ്നമില്ല. പാർലമെന്റിൽ കേരളത്തിലെ 20 എം. പി. മാരിൽ പതിനെട്ട് എം. പി. മാർ ഭാരതത്തിലെ ജനതാപാർട്ടിയെ എതിർത്തപ്പോഴും മാണിയുടെ രണ്ട് എം. പി. മാർ ജനതാപാർട്ടിക്ക് പിന്തുണ നൽകി. ആ തെറ്റ് തിരുത്താൻ തയ്യാറുണ്ടോ? ആ തെറ്റ് തിരുത്തി ഈ രാജ്യത്ത് മതേതരത്വം സംരക്ഷിക്കാൻ നമുക്ക് ഒറ്റക്കെട്ടായി യോജിച്ചുപോകാം. യോജിച്ച് പോകുന്നതിന് യാതൊരു വിരോധവുമില്ല. (ബഹളം) തെറ്റ് തിരുത്താൻ തയ്യാറാകണം. സി. എച്ച്. മുഹമ്മദ്കോയയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്ക് പരിപൂർണ്ണ പിന്തുണ നൽകാൻ തയ്യാറുണ്ടോ? ഒരു വ്യക്തി മന്ത്രിയാകുന്ന പ്രശ്നമല്ല. എന്റെ രാഷ്ട്രീയപ്പാർട്ടിയുടെ നയപരിപാടികളാണ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ളത്. കരിമ്പ് കൃഷിക്കാർക്ക് 150 രൂപ കൊടുക്കാമെന്ന് മുൻഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. ഇതുവരെയും കൃഷിക്കാർക്ക് അത് കിട്ടിയിട്ടില്ല. കൃഷിക്കാർക്ക് 150 രൂപ കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. നെൽക്കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം. കുട്ടനാടൻ കർഷകരുടെ, കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി എ. കെ. കെ. നമ്പ്യാർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ മുൻ ഗവൺമെന്റ് നിയമിച്ചിരുന്നു. കുട്ടനാട്ടിലെ കർഷക ജനതയുടേയും നെൽക്കൃഷിക്കാരുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഇവിടെ നിലവിലുണ്ടായിരുന്ന ഐക്യമുന്നണി ഗവൺമെന്റ് ശ്രീ. പി. കെ. വി. രാജിവച്ചതോടുകൂടി ഇല്ലാതാവുകയും പുതിയ കക്ഷിബന്ധങ്ങളും പുതിയ നിലപാടുകളും നമ്മുടെ നിയമസഭാതലത്തിൽ ഉടലെടുക്കുകയും ചെയ്തിരിക്കുകയാണ്. അതിന്റെ തനിരൂപം ടി. എസ്. ജോണും ഒ. ലൂക്കോസും ഇവിടെ സംസാരിച്ചപ്പോഴും കാണുകയുണ്ടായി. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവനചെയ്തു. ഒരു നയം രൂപീകരിക്കാൻ കഴിഞ്ഞില്ല അതേപ്പറ്റി ആലോചിക്കാൻ സമയം വേണ്ടിവരുമെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന വളരെ ഖേദത്തോടുകൂടിയാണ് ഞാൻ കേട്ടത്. ഇന്ന് അഖിലേന്ത്യാടിസ്ഥാനത്തിൽ വളർന്നുവരുന്ന ചില രാഷ്ട്രീയ സാഹചര്യങ്ങളും വിവിധ രാഷ്ട്രീയ കക്ഷികളും സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയ നിലപാടുകളും ഉണ്ട്. ആസന്നമായ ലോകസഭാതെരഞ്ഞെടുപ്പിനോടൊപ്പം സംസ്ഥാന നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തണമെന്ന് രാഷ്ട്രീയ കക്ഷികളും അംഗീകരിച്ചിട്ടുള്ള ഒരു തീരുമാനമാണ്. അത് അംഗീകരിക്കുന്ന സുഹൃത്തുക്കളും അപ്പുറത്തുണ്ട്. അത് അംഗീകരിക്കുന്ന ആളുകളും ഇപ്പുറത്ത് വന്നു. അതിനുശേഷം ചില തടസ്സങ്ങളും വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കക്ഷിയും ആ അടിസ്ഥാനത്തിൽതന്നെ ഒരു തീരുമാനമെടുത്തു. എ. കെ. ആന്റണിയുടെ കക്ഷി അംഗീകരിച്ചിട്ടുള്ള സുപ്രധാനമായ എ. ഐ. സി. സി. പ്രമേയം ഉണ്ട്. ശ്രീ. ജോസഫിന്റെ കക്ഷിയും ഒരു തീരുമാനമെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തു. ഇങ്ങനെയുള്ള കക്ഷികളും അംഗീകരിച്ചിട്ടുള്ള അടിസ്ഥാനപരമായ രാഷ്ട്രീയ നിലപാടുകളെ മുൻനിറുത്തി ഒരു നയം കേരളത്തിലും സ്വീകരിക്കണമെന്നുള്ളതു് അംഗീകരിച്ചിരുന്നതാണു്. നിർഭാഗ്യവശാൽ അതിൽ നിന്നും വ്യത്യസ്തമായി താൽക്കാലികമായ ചില നീക്കുപോക്കുകളും നടത്തേണ്ടിവന്നു. ഇതു് സ്ഥായിയായ ഒരു നിലപാടു് ആണോ? സ്ഥായിയായ നിലപാടാണെന്നുണ്ടെങ്കിൽ നമ്മുടെ രാജ്യം വലിയ ഒരു ആപത്തിനെയാണു് നേരിടാൻപോകുന്നതു് എന്നു് പറയാനാഗ്രഹിക്കുകയാണു്. നമ്മുടെ രാജ്യത്തു് ഇതിനകം വളർന്നുവന്ന വർഗ്ഗീയ ചേരിതിരിവു് കണ്ടില്ലെന്നു് നടിക്കുകയാണു്. ഈ ഗവൺമെൻറിന്റെ പുറകിൽ യഥാർത്ഥത്തിൽ പിന്തുണ നൽകുന്ന ശക്തികളാണോ സ്ഥായിയായി പ്രവർത്തിക്കുന്നതെന്നു് എനിക്കു് സംശയമുണ്ടു്. ഈ കക്ഷികളുടെയെല്ലാം പുറകിൽ ബാഹ്യശക്തികളും പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് ഒരു സത്യമാണു്. കണ്ണുള്ള ആളുകൾക്കും കാതുള്ള ആളുകൾക്കും ഈ രാജ്യത്തോടു് സ്നേഹമുള്ള ആളുകൾക്കും അതെപ്പറ്റി അറിയാം. ഈ കാര്യത്തിൽ ശ്രീ. സി. എച്ചു്.–നെ ശത്രുപാളയത്തിൽ കൊടുക്കണമോയെന്ന കാര്യത്തിൽ ആശങ്കയുണ്ടു്. 'ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം' എന്നു പറഞ്ഞു് തുടങ്ങുന്ന ഒരുവരി രാമായണത്തിലുണ്ടു്. അതു് ഞാൻ പാടുന്നില്ല. സി. എച്ചിനെപ്പോലുള്ള ആളുകൾ നമ്മുടെ രാജ്യത്തു് വളർന്നുവന്നിട്ടുള്ള ആരോഗ്യപരമായ ജനാധിപത്യമര്യാദയും കീഴ്വഴക്കവും ജനാധിപത്യപ്രസ്ഥാനത്തിന്റെ നിലനിലുപുമൊക്കെ അപകടപ്പെടുന്ന സമയത്തു് ബുദ്ധിപൂർവം തീരുമാനമെടുക്കാൻ കെൽപ്പുള്ളവരാണു് എന്നു് എനിക്കു് തീർച്ചയുണ്ടു്. ഈ രാജ്യത്തിന്റെ ഒരു വാഗ്ദാനമായിരുന്ന ഏ. കെ. ആൻറണിയെന്നു് ഞാൻ വിശ്വസിക്കുന്നു. ഇന്നു് ആ കാര്യത്തിൽ സംശയിക്കേണ്ട സ്ഥിതിഗതികളും വന്നിരിക്കുന്നു. അദ്ദേഹം ഒരു വല്ലാത്ത കൂട്ടുകെട്ടിൽപ്പെട്ടു് ക്രമേണ പരുവപ്പെട്ടു് പരുവപ്പെട്ടു് ഈ രാജ്യത്തെ സോഷ്യലാധിപത്യശക്തികളുടേയും വർഗ്ഗീയശക്തികളുടേയുമൊക്കെ ഇടയിൽ കുരുങ്ങിപ്പോകുമോയെന്നുള്ള ആശങ്കയുണ്ടു്. ആ ആശങ്ക ദൂരീകരിക്കാനുള്ള ബാദ്ധ്യത അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനുമുണ്ടു്. ഈ രാജ്യത്തു് ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപീകരിക്കുകയും ലോകസഭാ തെരഞ്ഞെടുപ്പിനോടൊപ്പം നിയമസഭ പിരിച്ചുവിട്ടു് ജനങ്ങളുടെ മാൻഡേറ്റു് വാങ്ങി ഒരു ഗവൺമെൻറു് രൂപീകരിക്കണമെന്നാണു് വിവിധ കക്ഷികളും അംഗീകരിച്ചിട്ടുള്ള രാഷ്ട്രീയ നിലപാടു്. ആ രാഷ്ട്രീയ നിലപാടിൽനിന്നു് വ്യത്യസ്തമായി മറ്റൊരു കൂട്ടുകെട്ടു് ഉണ്ടാക്കാനുള്ള സാദ്ധ്യത എന്തുതന്നെയായിരുന്നാലും പ്രാധാന്യം ഇതിനാണു്. ഈ രാജ്യത്തിന്റെ ജനാധിപത്യ കീഴ്വഴക്കത്തെസംബന്ധിച്ചും മറ്റും പറഞ്ഞു. ഈ ഗവൺമെൻറിന്റെ നയം എന്താണു്? ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു. അദ്ദേഹത്തിനു് അതു് ആവശ്യമാണു്. അദ്ദേഹത്തിന്റെ പാർട്ടിയുടെ സംസ്ഥാന പ്രസിഡൻറു് ഇന്നു് ഒരു പ്രഖ്യാപനം നടത്തി ഈ ഗവൺമെൻറിനെ പിന്താങ്ങുന്ന കക്ഷികളുമായി ചേർന്നു് ഒരു പരിപാടി ആവിഷ്ക്കരിക്കുമെന്നു്. മിനിമം പരിപാടി എന്നാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. കരുണാകരൻ പ്രഖ്യാപനം നടത്തി 1977–ൽ ജനങ്ങളുടെ മുമ്പിൽവച്ച പരിപാടി നടപ്പാക്കുമെന്നു്. മൂന്നു് ആളുകളുടെ കയ്യിലാണു് ഈ ഗവൺമെൻറിന്റെ കാൽ. ആരുടെയൊക്കെ കൈകളിലാണു് ഇതിന്റെ കാൽ ഇരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. ഗവൺമെൻറു് ഇതുവരെ ഉറച്ചിട്ടില്ല. ഉറയ്ക്കുമോയെന്നുള്ളകാര്യം നിശ്ചയമില്ല. സംവരണത്തെപ്പറ്റി പറയുന്നു. ഭരണഘടന വന്നതിനുശേഷം ഇന്നുവരെ പിന്നോക്കവിഭാഗങ്ങളുടെ അവശത പരിഹരിക്കാൻ കാലമായിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

പി. കെ. വി. മന്ത്രിസഭ അസന്നിഗ്ദ്ധമായി സഭയിൽ പറഞ്ഞതിന് വിരുദ്ധമായി പുറത്ത് ഒരാൾ പറഞ്ഞിരിക്കുന്നു. സംവരണം സാമ്പത്തികാടിസ്ഥാനത്തിൽ ആക്കാൻ ഗവൺമെൻറിനെക്കൊണ്ട് ഞാൻ തീരുമാനമെടുപ്പിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഈ പറയുന്ന ആളുകളുടെ വല്ലവരുടേയും സമ്പാദ്യമാണോ ഈ രാജ്യമെന്ന് സംശയിച്ചുപോകും. കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയുടെ ചൂണ്ടുവിരലിനുമുമ്പിൽ മുഹമ്മദുകോയ മുഖ്യമന്ത്രിയായുള്ള ഒരു ഗവൺമെൻറ് ഇവിടെ ഭരിക്കുന്നത് ഭൂഷണമാണോയെന്നുള്ളതിനെപ്പറ്റി മതന്യൂനപക്ഷതാൽപര്യസംരക്ഷകനും അതുപോലെതന്നെ പട്ടികവർഗ്ഗക്കാരുടേയും അവശവിഭാഗക്കാരുടേയും താൽപര്യസംരക്ഷകനുമായ ബഹുമാനപ്പെട്ട മുഹമ്മദുകോയ നൂറുവട്ടം നെഞ്ചത്ത് കൈവച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ നടന്ന ചർച്ചയിൽ പല രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളും ഈ ഗവൺമെൻറിൻറെ രൂപവൽക്കരണത്തെ സംബന്ധിച്ചും അതിൻറെ നയപരിപാടികളെ സംബന്ധിച്ചും പരാമർശിക്കുകയുണ്ടായി. 1969-ൽ കേരളത്തിൽ ഉണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങളും 1979-ൽ കേരളത്തിൽ ഉണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങളും തുലനം ചെയ്യുന്നവർക്ക് അത് ശരിക്കും മനസ്സിലാകും. സഖാവ് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് 1969 ഒക്ടോബർ 24-ാം തീയതി അന്നു ഇവിടെ ഉണ്ടായിരുന്ന ഐക്യമുന്നണി ഗവൺമെൻറിനെ ഇട്ടെറിഞ്ഞുപോയപ്പോൾ ഞങ്ങളുടെ നേതാവ് മർഹും സെയ്ദ് അബ്ദുറഹിമാൻ ബാഫക്കിതങ്ങളും സി. പി. ഐ.-യുടെ ബഹുമാന്യനായ നേതാവ് സഖാവ് അച്ചുതമേനോനും ആർ. എസ്. പി.-യുടെ നേതാക്കൻമാരും കൂടിയിരുന്ന് ഇവിടെ ഒരു ഗവൺമെൻറ് രൂപവൽക്കരിക്കുകയുണ്ടായി. സർ, ആ ഗവൺമെൻറും 1979-ൽ ഉണ്ടായ സംഭവവികാസങ്ങളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുക. 1979 ഒക്ടോബർ 7-ാം തീയതി സഖാവ് പി. കെ. വി. ഈ ഗവൺമെൻറ് ഇട്ടെറിഞ്ഞു പോയപ്പോൾ അന്നു ബാഫക്കിതങ്ങളുടെ നേതൃത്വം സ്വീകരിച്ചിരുന്ന മുസ്ലീംലീഗ് ഇവിടെ ഒരു ജനാധിപത്യ ഗവൺമെൻറ് ഉണ്ടാക്കാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു; അങ്ങനെ ഒരു ഗവൺമെൻറ് ഉണ്ടായി. ഇന്ന് എൻറെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. ആർ. എസ്. ഉണ്ണി പറയുകയാണ്, ഈ ഭാഗത്തുള്ള കക്ഷികൾ പുനർചിന്തനം ചെയ്യണമെന്ന്. ഗവൺമെൻറ് രാജിവയ്ക്കാൻ ഉണ്ടായ കാരണങ്ങൾ അദ്ദേഹം പറഞ്ഞില്ല, ആ ഗവൺമെൻറ് രാജിവച്ചതിനുള്ള ന്യായീകരണവും അദ്ദേഹം പറഞ്ഞില്ല, പറയാൻ സാദ്ധ്യമല്ല. പക്ഷേ മറിച്ച് പലതും പറഞ്ഞുകൊണ്ട് ഈ ഗവൺമെൻറ് നിലവിൽ വന്നതിനെ അദ്ദേഹം വിമർശിക്കുകയാണ് ചെയ്തത്. എൻറെ ബഹുമാന്യരായ സി. പി. ഐ.-യുടെയും ആർ. എസ്. പി.-യുടെയും സുഹൃത്തുക്കളോടു എനിക്കു ഒന്നു മാത്രമേ പറയാനുള്ളു. എബ്രഹാംലിങ്കൺ പറഞ്ഞതുപോലെ ''കുറച്ചുപേരെ കുറെ നാളത്തേക്ക് നിങ്ങൾക്ക് വിഡ്ഢികളാക്കാം, കുറേ പേരെ കുറച്ചു നാളെക്കും വിഡ്ഢികളാക്കാം, പക്ഷേ എല്ലാപേരെയും എല്ലായ്പ്പോഴും വിഡ്ഢികളാക്കാൻ നിങ്ങൾക്ക് സാദ്ധ്യമല്ല''. ഈ ഗവൺമെൻറ് ഈ രാജ്യത്തെ ജനാധിപത്യവാദികളുടെ വിശ്വാസം ആർജ്ജിച്ച ഒരു ഗവൺമെൻറാണ്. എൻറെ സ്നേഹിതൻ ശ്രീ. എം. വി. രാഘവൻ മനസ്സിലാക്കാത്ത പല കാര്യങ്ങളും ഉണ്ട്. അദ്ദേഹം ആൻറണിയെ നോക്കി ചോദിച്ചു, അരശിൻറെ അഖിലേന്ത്യാനയം എവിടെപ്പോയി എന്ന്. കോൺഗ്രസ്സ് പ്രസിഡൻറ് ദേവരാജ് അരശും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും ഒപ്പിട്ട ആ രേഖ അതിലെ മഷി ഉണങ്ങുന്നതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രമോദ് ഗുപ്ത പശ്ചിമ ബംഗാളിലെ കോൺഗ്രസ്സുകാരെപ്പറ്റി എന്തുപറഞ്ഞുവെന്ന് നിങ്ങൾ ആലോചിച്ചു നോക്കുക. അതു മനസ്സിലാക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. കേരളത്തിൽ ഒരു താപ്പ്, പശ്ചിമ ബംഗാളിൽ മറ്റൊരു താപ്പ്. അതു ഇവിടെ നടക്കുകയില്ല. ഇവിടെ വന്ന് എന്റെ സ്നേഹിതൻ ശ്രീ. എം. വി. രാഘവൻ ജനതാപാർട്ടിയെ വിമർശിക്കുകയുണ്ടായി. ഈ കഴിഞ്ഞ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽപ്പോലും കൊച്ചിയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മേയറാകാൻ ജനതാപാർട്ടിക്കാരന്റെ വോട്ടു വേണ്ടിവന്നു. തിരുവനന്തപുരം നഗരിയിൽ പോലും അതാവശ്യമായി വന്നു.

(ബഹളം)

മറ്റൊന്നുകൂടി ഞാൻ ചോദിക്കട്ടെ. തലശ്ശേരിയിലെ മൽസരത്തിൽ നിങ്ങൾ പറഞ്ഞു ആർ. എസ്. എസ്.-കാരെ നിങ്ങൾ തൊടുകയില്ല എന്ന്. അതു പറഞ്ഞ ആളുകൾ കാസർകോട്ടുപോയി ആർ. എസ്. എസ്.-കാരനെ മറുഭാഗത്തുനിറുത്തി വോട്ടു പിടിച്ചില്ലേ എന്ന് നിങ്ങൾ ഒന്നു ആലോചിച്ചു നോക്കുക. ഈ ഇരട്ടത്താപ്പുനയം ഇവിടെ നടക്കുകയില്ല.

പശ്ചിമബംഗാളിലെ മുസ്ലീങ്ങളെപ്പറ്റി പറയുകയാണ്. ജാംഷഡ് പൂരിൽ ആർ. എസ്. എസ്. നിയന്ത്രണത്തിലുള്ള ജനതാപാർട്ടി ഭരണത്തിലെ മുസ്ലീം ന്യൂനപക്ഷത്തിനുള്ള വിഷമതകൾ എനിക്കു മനസ്സിലാകും. പക്ഷേ പശ്ചിമബംഗാളിലെ മുസ്ലീം ന്യൂനപക്ഷത്തെ കശാപ്പു ചെയ്ത മാർക്സിസ്റ്റ് ഗവൺമെൻറിന് എന്തു ന്യായീകരണമാണ് ഉള്ളതെന്ന് ഞാൻ ചോദിക്കട്ടെ. അതുകൊണ്ട് ഇതൊന്നും പറഞ്ഞതുകൊണ്ട് കാര്യമില്ല.

(ബഹളം)

ഗവൺമെൻറിന്റെ നയപരിപാടികൾ പ്രഖ്യാപിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അത് അദ്ദേഹം പ്രഖ്യാപിച്ചുകൊള്ളും. പക്ഷേ ഈ ഗവൺമെൻറ് ഭരിക്കുന്ന കാലമത്രയും വളരെ ചലനാത്മകമായ ഗവൺമെൻറ് ആയിരിക്കും. ഷേക്സ്പീയറുടെ ഹാംലെറ്റിൽ പറഞ്ഞതു പോലെ "to be or not to be" എന്നു പറഞ്ഞുകൊണ്ട് അനിശ്ചിതത്വത്തിനു തടവുകാരനായ ഒരു മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിരിക്കുകയില്ല. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഭരിക്കുന്ന ഗവൺമെൻറ് ചലനാത്മകമായ ഗവൺമെൻറായിരിക്കും. ചാഞ്ചാട്ടമുള്ള ഗവൺമെൻറ് ആയിരിക്കുകയില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, കേരളത്തിന്റെ മുഖ്യമന്ത്രിപദം രാജിവച്ചുകൊണ്ട് ഈ സംസ്ഥാനത്തിൽ ഒരു രാഷ്ട്രീയ പ്രതിസന്ധി സൃഷ്ടിച്ച അവസരത്തിൽ ആ പ്രതിസന്ധി ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആപൽസന്ധിയായിരുന്നു. ആ ആപൽസന്ധിയിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ വേണ്ടി ഒരു ബദൽ സംവിധാനം ഉണ്ടാക്കാൻ തയ്യാറായി മുന്നോട്ടുവന്ന എല്ലാ രാഷ്ട്രീയ പാർട്ടികളേയും ഞാൻ അഭിനന്ദിക്കുന്നു. എന്താണ് ഇവിടെ സംഭവിച്ചത്? ഈ സഭ പാസ്സാക്കിയതായ ഉപധനാഭ്യർത്ഥനകൾ ചെലവഴിക്കുന്നതിനുവേണ്ടി ഒരു ധനവിനിയോഗബിൽ പോലും പാസ്സാക്കാൻ സമയം എടുക്കാതെ, ഈ സഭ കൂടിക്കൊണ്ടിരുന്ന അവസരത്തിൽ ഈ സഭയെ വിശ്വാസത്തിലെടുക്കാതെ ഒരു ദിവസം

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി രാജിവച്ച് ഈ സ്റ്റേറ്റിനെ അനാഥമാക്കാൻ ശ്രമിച്ചു. ആർക്കു വേണ്ടിയാണ് സർ? എന്തിനുവേണ്ടിയാണു സർ? ചില രാഷ്ട്രീയ കൂട്ടുകെട്ടുകൾ ഉണ്ടാക്കാൻ വേണ്ടി. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ അടിയറ വയ്ക്കാൻ ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന വാസുദേവൻനായർ പരിശ്രമിച്ചതിൽ ഞാൻ അൽഭുതപ്പെടുന്നു. ഏതായാലും കേരളത്തിലെ ജനങ്ങൾ ഈ നടപടിക്ക് മാപ്പ് കൊടുക്കുകയില്ലെന്ന് എനിക്ക് വിശ്വാസമുണ്ട്.

ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ നിയമസഭ പിരിച്ചുവിട്ടുകൊണ്ട് ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊള്ളുന്ന രാഷ്ട്രീയപാർട്ടികൾ എല്ലാം തന്നെ ഒരു ബദൽ സംവിധാനം ഉണ്ടാക്കണം, ഉണ്ടാക്കാൻ ഞങ്ങൾ സഹായകമായ നിലപാടെടുക്കും എന്നു വ്യക്തമാക്കി. സർ, ഇന്നു കാലത്തുനടന്ന സംഭവം എന്താണ്? മുഖ്യമന്ത്രി നയപ്രഖ്യാപനം ചെയ്യാത്തതിൽ പ്രതിപക്ഷ നേതാവ് ആക്ഷേപിച്ചു. ഈ സഭയിൽ നിന്നും ഉത്തരവാദിത്വബോധമില്ലാതെ, ഒരു അക്ഷരംപോലും ഉച്ചരിക്കാതെ രാജിവച്ചുപോയ പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രിയുടെ നേരെ തിരിഞ്ഞിട്ട് അദ്ദേഹം എന്തുചെയ്തു എന്നാണ് ചോദിക്കുന്നത്. ഒരു കാര്യം ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു രാവിലെ സഭയിൽ നടന്ന സംഭവം ഓർത്തപ്പോൾ ഒരു പത്തുകൊല്ലം മുമ്പ് ഉണ്ടായ സംഭവം എന്റെ സ്മരണയിൽ വരികയാണ്. ഇന്ന് എന്താണ് സംഭവിച്ചത്? ഇന്നു രാവിലെ യോഗം ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനെ തടസ്സപ്പെടുത്താൻ വിളികളും ബഹളങ്ങളുമൊക്കെ നടത്തുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടി നിരുത്തരവാദപരമായി ഒരു ദിവസം അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോയ സ്ഥിതിക്ക്, പ്രതിപക്ഷ നേതാവ് വാസുദേവൻ നായരുടെ പാർട്ടിയുടെ നേതാവ് സഖാവ് അച്ചുത മേനോൻ മുഖ്യമന്ത്രിയായി മറ്റൊരു ഗവൺമെന്റ് ഉണ്ടായപ്പോൾ സംഭവിച്ചത് ഇതായിരുന്നു. പക്ഷേ ഒരു കാര്യം ഓർമ്മിക്കണം. കേരളത്തിലെ ജനങ്ങൾ പ്രാപ്തരാണ്; രാഷ്ട്രീയ ബുദ്ധിയുള്ളവരാണ്. അപ്പോൾ കയ്യാങ്കളി കളിച്ചവരെയും ബഹളം കൂട്ടിയവരെയും സഭയിൽ പിന്നെ അവർ ഇരുത്തുകയില്ല.

(ബഹളം)

സർ, ഇവിടെ 1977-ൽ കേരളത്തിലെ ജനങ്ങൾക്ക് നൻമ ചെയ്യാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് ഒരു കെട്ടുറപ്പുള്ള ഗവൺമെന്റ് ഉണ്ടാക്കാൻ വേണ്ടി ഉണ്ടാക്കിയതായ മുന്നണിയിൽ നിന്നും അൽപം ജനസ്വാധീനമില്ലാത്ത ഒന്നോ, രണ്ടോ പാർട്ടികൾ പോയിട്ടുണ്ടെങ്കിലും 1977-ൽ ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ശക്തമായ സർക്കാരാണ് ഇപ്പുറത്തിരിക്കുന്നത്.

സർ, എന്റെ അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാർ ഞാനും ആൻറണിയും അടുത്തിരിക്കുന്നതിനെക്കുറിച്ച് ആക്ഷേപകരമായി സംസാരിക്കുകയുണ്ടായി. സർ, പത്തുകൊല്ലത്തെ രാഷ്ട്രീയ വനവാസത്തിനുശേഷമെങ്കിലും മാർക്സിസ്റ്റു പാർട്ടിക്ക് അൽപ്പം ബുദ്ധി ഉദിച്ചിരിക്കുമെന്ന് ധരിച്ചു. പക്ഷേ പത്തു വർഷം കഴിഞ്ഞിട്ടും പട്ടിയുടെ വാൽ കുഴലിൽ നിന്ന് എടുത്തതുപോലെ, മാർക്സിസ്റ്റ് പാർട്ടിയുടെ സ്വഭാവത്തിന് മാറ്റം വന്നിട്ടില്ല എന്ന് എനിക്കു മനസ്സിലായി. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം ഇപ്പോഴും അവർ ആ വലിയേട്ടൻ മനോഭാവം ഉപേക്ഷിച്ചിട്ടില്ലെന്നു മാത്രമല്ല രാഷ്ട്രീയ ജൻമിത്വം അവർ ഇന്ന് സ്വീകരിച്ചിരിക്കുകയുമാണ്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇടതുപക്ഷ ഐക്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. മാർക്സിസ്റ്റ് പാർട്ടിക്ക് 10 സീറ്റ് കിട്ടാവുന്ന ഒരു സ്ഥലത്തും ഇടതുപക്ഷ ജനാധിപത്യ ഐക്യം വേണ്ട. ശ്രീമാൻ ആൻറണിയുടെ പാർട്ടി ഇവിടെ പാടില്ല അഖിലേന്ത്യയിലാണ് വേണ്ടതെന്ന്. സർ എന്തൊരു സമീപനമാണ്. ഭാഗ്യവശാൽ ആ വലിയേട്ടൻ മനോഭാവത്തിലും രാഷ്ട്രീയ ജൻമിത്വത്തിലും ചെന്നുപെടാതിരിക്കാൻ, ജനാധിപത്യ വിശ്വാസികളായ കേരളത്തിലെ ജനങ്ങളും തീർച്ചയായും ആൻറണിക്ക് പിൻതുണ നൽകുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

(സഭയിൽ ബഹളം)

സർ, ആർ. എസ്. പി. നേതാവ് സഖാവ് ഉണ്ണിയോട് ഒന്നേ എനിക്ക് പറയാനുള്ളു. ഇത്രയധികം ആവേശം കൊള്ളരുതെന്ന്. അദ്ദേഹം മുന്നണിയിൽ ഇരിക്കുമ്പോഴുംതന്നെ അദ്ദേഹത്തിൻറെ പാർട്ടി അനുയായികൾക്ക് മിനിഞ്ഞാന്ന് തൃശ്ശൂരിൽ നിന്നും കിട്ടിയ അടിയുടെ വേദന ഒരു പക്ഷെ ഉണ്ണി അറിഞ്ഞിരിക്കില്ല. നിരവധി അടികൾ കിട്ടാൻപോവുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ഈ വലിയേട്ടൻ മനോഭാവത്തിൽ നിന്നും രാഷ്ട്രീയ ജൻമിത്വത്തിൽനിന്നും സോഷ്യലാധിപത്യത്തിൽ നിന്നും ഈ സംസ്ഥാനത്തെ രക്ഷിക്കാൻ മറ്റു കക്ഷികൾ ഒരു പുനർവിചിന്തനം ചെയ്യണമെന്ന് ഞാൻ പറയുകയാണ്. ഈ സഭ പാസ്സാക്കിയ ഉപധനാഭ്യർത്ഥന ചെലവഴിക്കാൻവേണ്ടി അവസരം നൽകിയ, ഈ സംസ്ഥാനത്തെ ആപൽസന്ധിയിൽനിന്ന് രക്ഷിച്ച രാഷ്ട്രീയ പ്രസ്ഥാനത്തേയും അതിൻറെ നേതാവായിട്ടുള്ള ശ്രീ. സി. എച്ച് മുഹമ്മദുകോയയേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. മുൻഗവൺമെൻറ് ഇതിന് ആസ്പദമായി അവതരിപ്പിച്ച സപ്ലിമെൻററി ഡിമാൻറിനെ നഖശിഖാന്തം എതിർത്ത ആളുകളിൽ ഭൂരിപക്ഷവും അപ്പുറത്തിരുന്നുകൊണ്ട് ഇന്ന് ഈ ധനവിനിയോഗ ബില്ലിനെ പിൻതാങ്ങുന്നതുകൊണ്ടല്ലേ ഞാൻ എതിർക്കുന്നത്. ഈ ബില്ലിന് അംഗീകാരം തേടുന്നതിനുള്ള ഈ മന്ത്രിസഭയുടെ അവകാശം ആ മന്ത്രിസഭ ഇവിടെ നിലനിന്ന് ഈ ധനവിനിയോഗം നടത്തുന്നതിനുള്ള അവകാശം എന്താണെന്ന് ആദ്യമായി തെളിയിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഇന്നു രാവിലെ മുഖ്യമന്ത്രി പറഞ്ഞു കഴിഞ്ഞു, ഈ ഗവൺമെൻറ് ഒരു നയം ഇനിയും രൂപീകരിച്ചിട്ടില്ലെന്ന്. സർ, 1969-ലെ അനുഭവങ്ങളുമായി താരതമ്യപ്പെടുത്തി, അതിനെക്കുറിച്ചൊക്കെ പിന്നീട് പറയാം. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതും, മറ്റു പല മെമ്പർമാർ സൂചിപ്പിച്ചതും, ശ്രീമാൻ ആൻറണിയുടെ പാർട്ടിയുടെ ഭാഗത്തുനിന്ന് ശ്രീമാൻ കുറുപ്പ് സൂചിപ്പിച്ചതുമെല്ലാം എന്തോ അപ്രതീക്ഷിതമായ ഒരു സംഭവവികാസം ഇവിടെ സൃഷ്ടിച്ചു, അതുകൊണ്ട് പെട്ടെന്ന് ഇങ്ങനെയൊരു ഗവൺമെൻറ് രൂപീകരിക്കേണ്ടിവന്നു എന്നാണ്. ശ്രീമാൻ കരുണാകരൻ പറയുന്നു, ഈ രാജ്യം എന്തോ അപകടത്തിലേയ്ക്ക് പോകുന്ന സന്ദർഭത്തിൽ ഒരു മുട്ടുകൊടുത്തു നിർത്താനാണ് ഞങ്ങൾ തുനിഞ്ഞതെന്ന്. ഇത് അപ്രതീക്ഷിതമായിരുന്നുവോ? ശ്രീമാൻ കരുണാകരനെങ്കിലും അത് പറയുകയില്ല എന്നാണ് എൻറെ വിശ്വാസം. കാരണം ശ്രീമാൻ പി. കെ. വാസുദേവൻ നായർ മന്ത്രിസഭയുടെ രാജി സമർപ്പിക്കുന്നതിന് ഒരാഴ്ച മുമ്പുതന്നെ ശ്രീമാൻ കരുണാകരനും, കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. കെ. എം. ചാണ്ടിയും സംസ്ഥാന ഗവർണ്ണരെക്കണ്ട് ഇവിടെ സഖാവ് പി. കെ. വാസുദേവൻനായർ മന്ത്രിസഭ രാജിവയ്ക്കാൻ പോകുന്നു, അങ്ങനെ രാജി

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് നിയമസഭ പിരിച്ചുവിടാൻ ആവശ്യപ്പെടുകയാണെങ്കിൽ പിരിച്ചു വിടരുത്, ഇവിടെ മറ്റൊരു ഗവൺമെൻറ് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്, അതിനുള്ള അവസരം നൽകണമെന്നും പറഞ്ഞില്ലേ. ഇത് അപ്രതീക്ഷിതമായതുകൊണ്ടാണോ? ഇത് ശ്രീമാൻ കരുണാകരൻ പ്രശ്നംവച്ച് കണ്ടുപിടിച്ചതല്ല. മുൻഗവൺമെൻറിലെ ആറ് പാർട്ടികളുടേയും നേതാക്കൻമാർ—ശ്രീമാൻ എ. കെ. ആൻറണിയും, ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ പാർട്ടിയുടെ നേതാവ് ശ്രീ. അബ്ദുള്ള കോയയും, ശ്രീമാൻ ബാലകൃഷ്ണൻറെ പാർട്ടിയുടെ നേതാവ് ശ്രീ. മാധവൻ നായരും സി. പി. ഐ. യുടെ നേതാവ് ശ്രീ. എൻ. ഇ. ബലറാമും ഉൾപ്പെടെ—ഒപ്പുവച്ചു പരസ്യമായ ഒരു പ്രഖ്യാപനം നടത്തി. അത് ഈ രാജ്യത്തെ എല്ലാ പത്രങ്ങളിലും വന്നതാണ്. ആ പ്രഖ്യാപനത്തിലെ പ്രസക്തമായ രണ്ടു മൂന്നു വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. ''സമീപകാലത്ത് ദേശീയ രംഗത്ത് രൂപംകൊണ്ട സംഭവവികാസങ്ങളേയും അവയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ രാഷ്ട്രീയ സ്ഥിതിഗതികളേയും ഞങ്ങൾ വിലയിരുത്തുകയുണ്ടായി. വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളോടും സോഷ്യലാധിപത്യശക്തികളോടും നിശിതമായി സമരം നടത്തി ഇടതുപക്ഷ ജനാധിപത്യൈക്യം കെട്ടിപ്പടുക്കുന്നതിനുള്ള സാധ്യത വളർന്നുവന്നിരിക്കുകയാണ്. ഇത്തരം ഐക്യം കെട്ടിപ്പടുക്കുന്നതിന് കേരളത്തിലെ ഐക്യകക്ഷികൾ തങ്ങളുടെ മുഴുവൻ കഴിവുകളും വിനിയോഗിക്കുന്നതാണ്. കേരളത്തിലെ ഐക്യകക്ഷികളും മാർക്സിസ്റ്റ് പാർട്ടിയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ച് ഒരു യോജിപ്പിൽ എത്തണമെന്ന ആശയത്തിന് കുറെക്കാലമായി പ്രാബല്യം വർദ്ധിച്ചുവരികയാണ്. മുകളിൽ പറഞ്ഞ ദേശീയ സംഭവവികാസങ്ങളെ തുടർന്ന് ഇതിനുള്ള പ്രായോഗിക സാദ്ധ്യത വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഈ ലോകസഭ തിരഞ്ഞെടുപ്പിനോടൊപ്പം നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയുമായി ചർച്ച് നടത്താൻ ഐക്യകക്ഷികൾ തീരുമാനിച്ചിരിക്കുന്നു.'' ഇതായിരുന്നു ആ പ്രഖ്യാപനം. എന്താണ് സർ, ഇതിൻറെ അർത്ഥം. ഈ പ്രഖ്യാപനം നടത്തുന്ന സമയത്ത് സൂചിപ്പിക്കുന്നതുപോലെ കഴിഞ്ഞ ഏതാനും നാളുകളിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ആലോചനകൾ വരുന്നത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുമായി നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തുന്ന കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യാൻ ഈ നേതാക്കൾ തയ്യാറാകുന്ന സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഉന്നയിച്ചിരുന്ന വളരെ വ്യക്തമായ ചില ഉപാധികൾ ഉണ്ടായിരുന്നു. അങ്ങനെയൊരു ഇടതുപക്ഷ ജനാധിപത്യ ഐക്യമുന്നണി കേരളത്തിൽ രൂപംകൊടുക്കുന്നതിൽ തങ്ങൾ പങ്കാളിയാകണമെങ്കിൽ, ഇഷ്ടദാനബില്ല് പിൻവലിക്കണമെന്ന് മാർക്സിസ്റ്റ് പാർട്ടി വളരെ ഖണ്ഡിതമായി, അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടിരുന്നു. ഇഷ്ടദാനബില്ലിനെ സംബന്ധിച്ച വ്യവസ്ഥ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പിൻവലിച്ചാൽ ഞങ്ങൾ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തെപ്പറ്റി ചർച്ചചെയ്യാൻ ഒരുക്കമാണെന്നല്ല ഈ പ്രഖ്യാപനത്തിൽ പറഞ്ഞത്. ആ ഉപാധി നിലനിൽക്കെ മാർക്സിസ്റ്റ് പാർട്ടിയുമായി വിപുലമായ ഒരു ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിക്കുന്നതിന് ആണ് തീരുമാനിച്ചത്. പിറ്റേദിവസംതന്നെ ചർച്ച നടന്നു. ശ്രീമാൻ ആൻറണിയും അതിൽ പങ്കെടുത്തു. ഈ ഒപ്പുവച്ച പാർട്ടിയുടെ നേതാക്കളെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത്. അപ്പോഴും ഇഷ്ടദാനബില്ലിനെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ വ്യവസ്ഥ നിലനിൽക്കെതന്നെ തങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനത്തിൽ പറയുന്നതുപോലെ ദേശീയ സംഭവവികാസത്തിന്റെ പശ്ചാത്തലത്തിൽ ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്ക് രൂപംകൊടുക്കുമെന്നാണ്. വളർന്നുവരുന്ന വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളിൽ നിന്നും സ്വേച്ഛാധിപത്യശക്തികളിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കാനുള്ള ഏറ്റവും സുപ്രധാനമായ ഒരു കർത്തവ്യമാണ് എന്നുള്ള ബോധമായിരുന്നു അതിനു പ്രേരണ നൽകിയത്. ഇഷ്ടദാനബില്ലായാലും, മറ്റെന്തായാലും എല്ലാം ഇടതുപക്ഷ ജനാധിപത്യ ഐക്യത്തിനു കീഴ്പെടുത്തിക്കൊണ്ടു അന്നാപ്രഖ്യാപനം നേതാക്കൾ നടത്തിയതെന്നു വ്യക്തമാണ്. എന്താണ് അതിന്റെ സ്വാഭാവികമായ പരിണതഫലം? ഈ പ്രഖ്യാപനം കണ്ടതിനുശേഷമാണ് ശ്രീമാൻ കരുണാകരൻ ഗവർണ്ണറെപോയി കണ്ടത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ നിലപാടിൽ ഉറച്ചു നിന്നതിനാൽ എന്തെങ്കിലും വിട്ടുവീഴ്ച നടത്തുന്നതിനുള്ള ശ്രമങ്ങൾ ഈ പാർട്ടികളെല്ലാം പരസ്പരം ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ഇങ്ങനെയൊരു വിട്ടുവീഴ്ചയ്ക്ക് സാധ്യതയില്ലാതെ വന്നപ്പോൾ മറ്റൊരു കാര്യങ്ങൾക്കും പൊതുലക്ഷ്യത്തിന്റെ മുൻപിൽ സ്ഥാനം ഇല്ലെന്നുള്ള സാഹചര്യത്തിൽ, ഇഷ്ടദാനബില്ലാണോ, വർഗ്ഗീയ പിൻതിരിപ്പൻ ശക്തികൾക്കെതിരായും, അമിതാധികാരശക്തികൾക്കെതിരായും ഇൻഡ്യയിൽ വളർന്നുവരേണ്ട ജനാധിപത്യമുന്നണിക്കാണോ, പ്രാധാന്യം എന്നുള്ള പ്രശ്നം ഉയർന്നുവന്നു. അങ്ങനെ വന്നപ്പോൾ സ്വാഭാവികമായും ആരോടും പറയാതെ ഒളിച്ചോടി പോയതല്ല. എല്ലാ പാർട്ടികളുടെയും നേതാക്കൻമാർ ഒന്നിച്ചു സമ്മേളിച്ചുകൊണ്ട് ഇതുമായി നമുക്ക് മുന്നോട്ട് പോകാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ പരസ്യമായി പറഞ്ഞുകൊണ്ടാണ് ശ്രീ. പി. കെ. വാസുദേവൻനായർ രാജി സമർപ്പിച്ചത്. പെട്ടെന്ന് യാദൃശ്ഛികമായി ഉണ്ടായ സംഭവവികാസമൊന്നുമല്ല. ഇതും 1969-മായി എന്തു ബന്ധമാണ്? 1969-ൽ അധികാരത്തിലുണ്ടായിരുന്ന ഏഴ് പാർട്ടികളുടെ മുന്നണിയിൽനിന്ന് മുഖ്യമന്ത്രിയും മൂന്ന് പാർട്ടികളും മാറിയപ്പോൾ ബാക്കി 4 പാർട്ടികളുമായി ഒരു മന്ത്രിസഭ രൂപീകരിച്ചു. ഇവിടെ എന്താണ് സംഭവിച്ചത്. ഇന്ന് 140 മെമ്പർമാർ ഉള്ള നിയമസഭയിൽ 15 പേരുടെ ഒരു ഗവൺമെൻറാണുള്ളത്. അതിൽ 68 പേർ മുട്ടുകൊടുത്തു നിർത്തുന്നു അതും അഞ്ചു മുട്ടുകളായിട്ട്. ഇതുപോലൊരു സംഭവം ഇൻഡ്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഇതും 1969-ലെ ഗവൺമെൻറുമായി എന്തു സാമ്യമാണുള്ളത്. ശ്രീ. ഇ. എം. എസ്. രാജിവച്ചു പോയപ്പോൾ സഖാവ് അച്ചുതമേനോൻ മുഖ്യമന്ത്രിപദം ഏറ്റെടുത്തു ഒരു നയപ്രഖ്യാപന പ്രസംഗം നടത്തിയില്ലെന്ന് ശ്രീ. പി. ആർ. കുറുപ്പ് പറഞ്ഞു. അന്നുണ്ടായിരുന്ന മുന്നണിയുടെ പരിപാടികൾ തുടർന്ന് നടപ്പാക്കുന്നതിനുവേണ്ടി ആണെന്ന് പറഞ്ഞാണ് ശ്രീ. അച്യുതമേനോനും, അതുപോലെ ശ്രീമാൻ ആൻറണി രാജിവച്ച സന്ദർഭത്തിൽ ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പാക്കുന്നതിന് വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ടാണ് ശ്രീ. പി. കെ. വാസുദേവൻ നായരും സ്ഥാനം ഏറ്റെടുത്തത്. ഇതും ഇന്നത്തെ സംഭവങ്ങളുമായി എന്തു ബന്ധമാണ്. ഈ 68 പേരുടെ മുട്ടിൽ ഈ ഗവൺമെൻറ് നിൽക്കുമെന്ന് എന്താണ് ഉറപ്പ്? മുട്ട് കൊടുക്കുന്ന ആളുകൾ അടുത്തടുത്ത് ഇരുന്ന് ഈ ധനവിനിയോഗബില്ലിനെ സപ്പോർട്ട് ചെയ്തുകൊണ്ട് പരസ്പരം പള്ളയ്ക്ക് കുത്തുന്നതാണ് നാം ഇവിടെ കണ്ടത്. ഇവർക്ക് ഒരു നയമുണ്ടോ? ഏതെങ്കിലും പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച ഒരു സമീപനം രൂപീകരിക്കാൻ കഴിയുമോ എന്നാണ് തെളിയിക്കേണ്ടത്. യഥാർത്ഥത്തിൽ മുൻമുന്നണിയിലെ ആറുപാർട്ടികൾ രാജ്യത്ത് നടത്തിയ പ്രഖ്യാപനം സത്യസന്ധമായി നടപ്പാക്കാൻ ശ്രമിച്ചു എന്നുള്ളതാണ് സഖാവ് പി. കെ. വി. ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് നിയമസഭ പിരിച്ചുവിടാൻ ആവശ്യപ്പെടുകയാണെങ്കിൽ പിരിച്ചു വിടരുത്, ഇവിടെ മറ്റൊരു ഗവൺമെൻറ് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്, അതിനുള്ള അവസരം നൽകണമെന്നും പറഞ്ഞില്ലേ. ഇത് അപ്രതീക്ഷിതമായതുകൊണ്ടാണോ? ഇത് ശ്രീമാൻ കരുണാകരൻ പ്രശ്നംവച്ച് കണ്ടുപിടിച്ചതല്ല. മുൻഗവൺമെൻറിലെ ആറ് പാർട്ടികളുടേയും നേതാക്കൻമാർ—ശ്രീമാൻ എ. കെ. ആൻറണിയും, ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ പാർട്ടിയുടെ നേതാവ് ശ്രീ. അബ്ദുള്ള കോയയും, ശ്രീമാൻ ബാലകൃഷ്ണൻറെ പാർട്ടിയുടെ നേതാവ് ശ്രീ. മാധവൻ നായരും സി. പി. ഐ. യുടെ നേതാവ് ശ്രീ. എൻ. ഇ. ബലറാമും ഉൾപ്പെടെ—ഒപ്പുവച്ചു പരസ്യമായ ഒരു പ്രഖ്യാപനം നടത്തി. അത് ഈ രാജ്യത്തെ എല്ലാ പത്രങ്ങളിലും വന്നതാണ്. ആ പ്രഖ്യാപനത്തിലെ പ്രസക്തമായ രണ്ടു മൂന്നു വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. ''സമീപകാലത്ത് ദേശീയ രംഗത്ത് രൂപംകൊണ്ട സംഭവവികാസങ്ങളേയും അവയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ രാഷ്ട്രീയ സ്ഥിതിഗതികളേയും ഞങ്ങൾ വിലയിരുത്തുകയുണ്ടായി. വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളോടും സോഷ്യൽ ഫാസിസ്റ്റ് ആധിപത്യശക്തികളോടും നിശിതമായി സമരം നടത്തി ഇടതുപക്ഷ ജനാധിപത്യൈക്യം കെട്ടിപ്പടുക്കുന്നതിനുള്ള സാധ്യത വളർന്നുവന്നിരിക്കുകയാണ്. ഇത്തരം ഐക്യം കെട്ടിപ്പടുക്കുന്നതിന് കേരളത്തിലെ ഐക്യകക്ഷികൾ തങ്ങളുടെ മുഴുവൻ കഴിവുകളും വിനിയോഗിക്കുന്നതാണ്. കേരളത്തിലെ ഐക്യകക്ഷികളും മാർക്സിസ്റ്റ് പാർട്ടിയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ച് ഒരു യോജിപ്പിൽ എത്തണമെന്ന ആശയത്തിന് കുറെക്കാലമായി പ്രാബല്യം വർദ്ധിച്ചുവരികയാണ്. മുകളിൽ പറഞ്ഞ ദേശീയ സംഭവവികാസങ്ങളെ തുടർന്ന് ഇതിനുള്ള പ്രായോഗിക സാദ്ധ്യത വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഈ ലോകസഭ തിരഞ്ഞെടുപ്പിനോടൊപ്പം നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയുമായി ചർച്ച് നടത്താൻ ഐക്യകക്ഷികൾ തീരുമാനിച്ചിരിക്കുന്നു.'' ഇതായിരുന്നു ആ പ്രഖ്യാപനം. എന്താണ് സർ, ഇതിൻറെ അർത്ഥം. ഈ പ്രഖ്യാപനം നടത്തുന്ന സമയത്ത് സൂചിപ്പിക്കുന്നതുപോലെ കഴിഞ്ഞ ഏതാനും നാളുകളിൽ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ആലോചനകൾ വരുന്നത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുമായി നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തുന്ന കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യാൻ ഈ നേതാക്കൾ തയ്യാറാകുന്ന സന്ദർഭത്തിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഉന്നയിച്ചിരുന്ന വളരെ വ്യക്തമായ ചില ഉപാധികൾ ഉണ്ടായിരുന്നു. അങ്ങനെയൊരു ഇടതുപക്ഷ ജനാധിപത്യ ഐക്യമുന്നണി കേരളത്തിൽ രൂപംകൊടുക്കുന്നതിൽ തങ്ങൾ പങ്കാളിയാകണമെങ്കിൽ, ഇഷ്ടദാനബില്ല് പിൻവലിക്കണമെന്ന് മാർക്സിസ്റ്റ് പാർട്ടി വളരെ ഖണ്ഡിതമായി, അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടിരുന്നു. ഇഷ്ടദാനബില്ലിനെ സംബന്ധിച്ച വ്യവസ്ഥ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പിൻവലിച്ചാൽ ഞങ്ങൾ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തെപ്പറ്റി ചർച്ചചെയ്യാൻ ഒരുക്കമാണെന്നല്ല ഈ പ്രഖ്യാപനത്തിൽ പറഞ്ഞത്. ആ ഉപാധി നിലനിൽക്കെ മാർക്സിസ്റ്റ് പാർട്ടിയുമായി വിപുലമായ ഒരു ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിക്കുന്നതിന് ആണ് തീരുമാനിച്ചത്. പിറ്റേദിവസംതന്നെ ചർച്ച നടന്നു. ശ്രീമാൻ ആൻറണിയും അതിൽ പങ്കെടുത്തു. ഈ ഒപ്പുവച്ച പാർട്ടിയുടെ നേതാക്കളെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത്. അപ്പോഴും ഇഷ്ടദാനബില്ലിനെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ വ്യവസ്ഥ നിലനിൽക്കെതന്നെ തങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനത്തിൽ പറയുന്നതുപോലെ ദേശീയ സംഭാവനകാസത്തിന്റെ പശ്ചാത്തലത്തിൽ ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്ക് രൂപംകൊടുക്കുമെന്നാണ്. വളർന്നുവരുന്ന വർഗ്ഗീയ പിൻതിരിപ്പൻ ശക്തികളിൽ നിന്നും സ്വേച്ഛാധിപത്യശക്തികളിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കാനുള്ള ഏറ്റവും സുപ്രധാനമായ ഒരു കർത്തവ്യമാണ് എന്നുള്ള ബോധമായിരുന്നു അതിനു പ്രേരണ നൽകിയത്. ഇഷ്ടദാനബില്ലായാലും, മറ്റെന്തായാലും എല്ലാം ഇടതുപക്ഷ ജനാധിപത്യ ഐക്യത്തിനു കീഴ്പെടുത്തിക്കൊണ്ടു അന്നാപ്രഖ്യാപനം നേതാക്കൾ നടത്തിയതെന്നു വ്യക്തമാണ്. എന്താണ് അതിന്റെ സ്വാഭാവികമായ പരിണതഫലം? ഈ പ്രഖ്യാപനം കണ്ടതിനുശേഷമാണ് ശ്രീമാൻ കരുണാകരൻ ഗവർണ്ണറെപോയി കണ്ടത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ നിലപാടിൽ ഉറച്ചു നിന്നതിനാൽ എന്തെങ്കിലും വിട്ടുവീഴ്ച നടത്തുന്നതിനുള്ള ശ്രമങ്ങൾ ഈ പാർട്ടികളെല്ലാം പരസ്പരം ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ഇങ്ങനെയൊരു വിട്ടുവീഴ്ചയ്ക്ക് സാധ്യതയില്ലാതെ വന്നപ്പോൾ മറ്റൊരു കാര്യങ്ങൾക്കും പൊതുലക്ഷ്യത്തിന്റെ മുൻപിൽ സ്ഥാനം ഇല്ലെന്നുള്ള സാഹചര്യത്തിൽ, ഇഷ്ടദാനബില്ലാണോ, വർഗ്ഗീയ പിൻതിരിപ്പൻ ശക്തികൾക്കെതിരായും, അമിതാധികാരശക്തികൾക്കെതിരായും ഇൻഡ്യയിൽ വളർന്നുവരേണ്ട ജനാധിപത്യമുന്നണിക്കാണോ, പ്രാധാന്യം എന്നുള്ള പ്രശ്നം ഉയർന്നുവന്നു. അങ്ങനെ വന്നപ്പോൾ സ്വാഭാവികമായും ആരോടും പറയാതെ ഒളിച്ചോടി പോയതല്ല. എല്ലാ പാർട്ടികളുടെയും നേതാക്കൻമാർ ഒന്നിച്ചു സമ്മേളിച്ചുകൊണ്ട് ഇതുമായി നമുക്ക് മുന്നോട്ട് പോകാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ പരസ്യമായി പറഞ്ഞുകൊണ്ടാണ് ശ്രീ. പി. കെ. വാസുദേവൻനായർ രാജി സമർപ്പിച്ചത്. പെട്ടെന്ന് യാദൃശ്ചികമായി ഉണ്ടായ സംഭവവികാസമൊന്നുമല്ല. ഇതും 1969-മായി എന്തു ബന്ധമാണ്? 1969-ൽ അധികാരത്തിലുണ്ടായിരുന്ന ഏഴ് പാർട്ടികളുടെ മുന്നണിയിൽനിന്ന് മുഖ്യമന്ത്രിയും മൂന്ന് പാർട്ടികളും മാറിയപ്പോൾ ബാക്കി 4 പാർട്ടികളുമായി ഒരു മന്ത്രിസഭ രൂപീകരിച്ചു. ഇവിടെ എന്താണ് സംഭവിച്ചത്. ഇന്ന് 140 മെമ്പർമാർ ഉള്ള നിയമസഭയിൽ 15 പേരുടെ ഒരു ഗവൺമെൻറാണുള്ളത്. അതിൽ 68 പേർ മുട്ടുകൊടുത്തു നിർത്തുന്നു അതും അഞ്ചു മുട്ടുകളായിട്ട്. ഇതുപോലൊരു സംഭവം ഇൻഡ്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഇതും 1969-ലെ ഗവൺമെൻറുമായി എന്തു സാമ്യമാണുള്ളത്. ശ്രീ. ഇ. എം. എസ്. രാജിവച്ചു പോയപ്പോൾ സഖാവ് അച്ചുതമേനോൻ മുഖ്യമന്ത്രിപദം ഏറ്റെടുത്തു ഒരു നയപ്രഖ്യാപന പ്രസംഗം നടത്തിയില്ലെന്ന് ശ്രീ. പി. ആർ. കുറുപ്പ് പറഞ്ഞു. അന്നുണ്ടായിരുന്ന മുന്നണിയുടെ പരിപാടികൾ തുടർന്ന് നടപ്പാക്കുന്നതിനുവേണ്ടി ആണെന്ന് പറഞ്ഞാണ് ശ്രീ. അച്യുതമേനോനും, അതുപോലെ ശ്രീമാൻ ആൻറണി രാജിവച്ച സന്ദർഭത്തിൽ ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പാക്കുന്നതിന് വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ടാണ് ശ്രീ. പി. കെ. വാസുദേവൻ നായരും സ്ഥാനം ഏറ്റെടുത്തത്. ഇതും ഇന്നത്തെ സംഭവങ്ങളുമായി എന്തു ബന്ധമാണ്. ഈ 68 പേരുടെ മുട്ടിൽ ഈ ഗവൺമെൻറ് നിൽക്കുമെന്ന് എന്താണ് ഉറപ്പ്? മുട്ട് കൊടുക്കുന്ന ആളുകൾ അടുത്തടുത്ത് ഇരുന്ന് ഈ ധനവിനിയോഗബില്ലിനെ സപ്പോർട്ട് ചെയ്തുകൊണ്ട് പരസ്പരം പള്ളയ്ക്ക് കുത്തുന്നതാണ് നാം ഇവിടെ കണ്ടത്. ഇവർക്ക് ഒരു നയമുണ്ടോ? ഏതെങ്കിലും പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച ഒരു സമീപനം രൂപീകരിക്കാൻ കഴിയുമോ എന്നാണ് തെളിയിക്കേണ്ടത്. യഥാർത്ഥത്തിൽ മുൻമുന്നണിയിലെ ആറുപാർട്ടികൾ രാജ്യത്ത് നടത്തിയ പ്രഖ്യാപനം സത്യസന്ധമായി നടപ്പാക്കാൻ ശ്രമിച്ചു എന്നുള്ളതാണ് സഖാവ് പി. കെ. വി. ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

തെറ്റ്. ആ പ്രഖ്യാപനത്തെ വഞ്ചിച്ചുകൊണ്ട്, വർഗ്ഗീയ പിൻതിരിപ്പൻ ശക്തികൾക്കും സോഷ്യലിസ്റ്റ് ജനാധിപത്യശക്തികൾക്കുമെതിരായി ഇടതുപക്ഷ ജനാധിപത്യഐക്യമുന്നണിക്കുവേണ്ടി പുറപ്പെട്ടവർ ഇന്ന് എവിടെയാണ് ചെന്നെത്തിയത് ? ഇവർ ഇന്ന് കേരളത്തിൽ സോഷ്യലിസ്റ്റ് ജനാധിപത്യശക്തികളുടെ പ്രതിനിധിയായ കോൺഗ്രസ് (ഐ) നേതാവ് ശ്രീ. കരുണാകരൻ ആസൂത്രണം ചെയ്ത പദ്ധതിക്ക് കീഴ്പ്പെട്ട് പോവുകയാണ് ചെയ്തത്. ഏകാധിപത്യ ശക്തികൾക്കും വർഗ്ഗീയ ശക്തികൾക്കും എതിരായി മുന്നണി രൂപീകരിക്കാൻ പുറപ്പെട്ടവർ ഇന്ന് അവരുടെ പിണിയാളുകളായി താളത്തിനൊത്ത് തുള്ളേണ്ട ഗതികേടാണ് വന്നിരിക്കുന്നത്. ഈ രാജ്യത്തിന് എന്തു നൻമ ചെയ്യാനാണങ്ങിനെ ചെയ്തതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇത്തരത്തിലൊരു ഗവൺമെൻറിന് ഒരു നിമിഷം പോലും ഇവിടെ നിലനിൽക്കാൻ അവകാശമില്ല. അല്ലെങ്കിൽ എന്തെങ്കിലും അവകാശം ഉണ്ടെന്ന് വ്യക്തമായി തെളിയിച്ചതിനുശേഷം വേണം ഇത്തരത്തിലുള്ള ഒരു ധനവിനിയോഗബില്ലുമായി സഭയെ സമീപിക്കേണ്ടത്. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, എന്റെ പൂർവ്വഗാമിയായ മുഖമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായരുടെ ഭരണകാലത്ത് അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ ഈ സഭ അന്ന് പാസ്സാക്കുകയുണ്ടായി. ആ ധനാഭ്യർത്ഥനകളിലുള്ള പണം വിനിയോഗം ചെയ്യാനുള്ള അനുമതിക്കുവേണ്ടി ഈ സഭയിൽ എന്റെ അഭിവന്ദ്യനായ സുഹൃത്ത് ധനകാര്യമന്ത്രി പ്രമേയം അവതരിപ്പിച്ചപ്പോൾ അന്ന് ഇതിനെ അനുകൂലിച്ചവർ ഇന്ന് അതിനെ എതിർക്കുകയും അന്ന് എതിർത്ത ചിലർ ഇന്ന് അനുകൂലിക്കുകയും ചെയ്തിട്ടുണ്ട്. അനുകൂലിച്ചവർ എതിർക്കാൻ പറഞ്ഞ കാരണം ഈ ഗവൺമെൻറിന്റെ നയമില്ലായ്മയെപ്പറ്റിയാണ്. യഥാർത്ഥത്തിൽ യാതൊരു പ്രകോപനവും കൂടാതെ, യാതൊരു കാരണവും കൂടാതെ മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് കേരളത്തിൽ ഒരു പ്രതിസന്ധി സൃഷ്ടിച്ച്, ശ്രീ. പി. കെ. വാസുദേവൻ നായർ പിൻവാങ്ങിയപ്പോൾ കേരളത്തിൽ ഒരു ജനാധിപത്യഭരണം ഇന്നത്തെ കാലത്ത് പ്രത്യേകിച്ചും ആവശ്യമാണെന്ന് മനസ്സിലാക്കിയ ചില കക്ഷികൾ പിൻതുണനൽകിയതനുസരിച്ചാണ് ഞാൻ ഇവിടത്തെ മുഖ്യമന്ത്രിയായി സത്യവാചകം ചൊല്ലിയത്. ഞാൻ ഇവിടത്തെ മുഖ്യമന്ത്രിയായിരിക്കുന്നത് പല കാരണങ്ങൾകൊണ്ടും ഇഷ്ടപ്പെടാത്തവർ കാണും; സഹിച്ചുകൂടാത്തവർ കാണും. അവരോട് എനിക്ക് സഹതാപം മാത്രമേയുള്ളുവെന്നറിയിക്കുകയാണ്. ഈ ഗവൺമെൻറിന് ഇവിടെ ഭരിക്കാൻ അവകാശമില്ലെന്ന് എന്റെ പൂർവ്വസഹപ്രവർത്തകൻ ശ്രീ. കെ. പി. പ്രഭാകരൻ പറയുകയുണ്ടായി. അത് ശ്രീ. പി. കെ. വാസുദേവൻ നായരുടെ മന്ത്രിസഭ അധികാരമേറ്റ കാലത്തും ഇവിടെ പറഞ്ഞുകേട്ടതാണ്. പറയുന്ന ആളുകൾ വ്യത്യസ്തരായിരുന്നു എന്നുമാത്രമേയുള്ളു. മന്ത്രിസഭ രാജിവയ്ക്കാൻവേണ്ടി എല്ലാപേരുംകൂടി യോജിച്ച്, തീരുമാനിച്ചു എന്ന ശ്രീ. പ്രഭാകരന്റെ പ്രസ്താവന സത്യസന്ധമല്ല അതൊരു വികൃതമായ പ്രസ്താവനയാണ്. ശ്രീ. പി. കെ. വാസുദേവൻ നായർ എല്ലാപേരേയും വിളിച്ചു ഞാൻ രാജിവയ്ക്കുകയാണെന്ന് പറഞ്ഞു. അതും ഒന്നിച്ച് തീരുമാനിക്കുന്നതും ഒരുപോലെയാണോ ? യഥാർത്ഥ്യം പറഞ്ഞാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി, മന്ത്രിസഭയും നിയമസഭയും രാജിവച്ച്, ഇഷ്ടദാനബില്ല് പിൻവലിച്ച് നാല് എത്തവുമിട്ട് വന്നാലേ നിങ്ങളെ ഐക്യമുന്നണിയിൽ ചേർക്കുകയുള്ളുവെന്നു പറഞ്ഞപ്പോൾ വാസ്തവത്തിൽ ശ്രീ. പി. കെ. വാസുദേവൻ നായർക്ക് അവരുടെ നിലനിൽപ്പിനുവേണ്ടി അതെല്ലാം അംഗീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്, പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാപേരും അങ്ങനെ ചെയ്തുകൊള്ളണമെന്ന് പറഞ്ഞാൽ അത്ര ദുർബലമായ പാർട്ടികളല്ല ഇവിടെ ഇരിക്കുന്നത്.

സർ, കേരളത്തിലെ ഇന്നത്തെ ഗവൺമെന്റിന്റെ നയമെന്താണെന്ന് ഞാൻ എന്റെ ആദ്യത്തെ പ്രക്ഷേപണത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. ശ്രീ. പി. കെ. വാസുദേവൻ നായർ അത് ശ്രദ്ധിക്കാതെപോയതിൽ എനിക്ക് ഖേദമുണ്ട്. ഈ രാജ്യത്തിലെ പാവപ്പെട്ട, ദരിദ്രരേഖയ്ക്ക് താഴെയുള്ള ദുർബലവിഭാഗത്തിന്റെ, പിന്നോക്കവിഭാഗത്തിന്റെ, ന്യൂന പക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻവേണ്ടി ഈ ഗവൺമെന്റ് പോരാടുമെന്ന് പ്രസ്താവനയിൽ ഞാൻ പറഞ്ഞിരുന്നു. എന്നുമാത്രമല്ല, പഴയ ഗവൺമെന്റിന്റെ എല്ലാ നല്ല നയങ്ങളും ഈ ഗവൺമെന്റ് തുടർന്നു നടത്തുമെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു നയം രൂപീകരിച്ച് ഈ സഭയിൽ പ്രകടിപ്പിക്കുവാൻ എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം ഞാൻ ആവശ്യപ്പെടുകമാത്രമേ ചെയ്യുന്നുള്ളൂ.

മറ്റൊരു പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയല്ല. സംവരണത്തെ സംബന്ധിച്ച് ശ്രീ. കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള ചെയ്ത ഒരു പ്രസ്താവന ഇവിടെ വലിയ കൊട്ടും കുരവയുമായി പരാമർശിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഒരു പ്രസംഗത്തിൽ പറഞ്ഞതാണ്, അത് അദ്ദേഹത്തിന്റെ പാർട്ടിയുടെ അഭിപ്രായമാണ്. ആ അഭിപ്രായം ഈ ഗവൺമെന്റ് പിൻതുടരുന്നില്ല. ഈ ഗവൺമെന്റ് സംവരണത്തെ സംബന്ധിച്ചിടത്തോളം പഴയ ഗവൺമെന്റിന്റെ നയം തുടരാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളത് എന്നുള്ള കാര്യം ഈ സഭയിലെ എല്ലാ അംഗങ്ങളേയും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നയം, പഴയ ഗവൺമെന്റിന്റെ എല്ലാ നല്ല കാര്യങ്ങളേയും പിൻതുടരുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് പാവപ്പെട്ടവരും ദരിദ്രരും സാധുക്കളും പിന്നോക്കക്കാരും ന്യൂനപക്ഷങ്ങളുമായ എല്ലാ ആളുകളുടേയും അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുന്നതാണ്. ഈ ഗവൺമെന്റ് അതെല്ലാം രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു നയം ഇവിടെ കൊണ്ടുവരണമെന്ന് പറയുന്നതിൽ വിശേഷിച്ച് അർത്ഥമില്ല. പല സ്ഥലത്തും ഗവൺമെന്റുകൾ മാറുന്നുണ്ട്. ഓരോ ഗവൺമെന്റും മാറുമ്പോൾ നിയമസഭയിൽ നയപ്രഖ്യാപനം ചെയ്യുന്ന പതിവില്ല. ഗവർണ്ണറുടെ പ്രസംഗത്തോടുകൂടിയാണ് നയപ്രഖ്യാപനം ചെയ്യുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ നാം ഉൾക്കൊള്ളിച്ച് പാസാക്കിയെടുത്ത എല്ലാ നല്ലകാര്യങ്ങളും ഈ ഗവൺമെന്റ് നടപ്പിൽവരുത്തുന്നതാണെന്ന് ഉറപ്പുവരുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പല ഗവൺമെന്റുകളും വന്നു. ശ്രീ. ഇ. എം. എസിന്റെ ഗവൺമെന്റ് വന്നിട്ട് ഇറങ്ങിപ്പോയപ്പോൾ ശ്രീ. അച്ചുതമേനോന്റെ ഗവൺമെന്റ് വന്നു. അതിൽ ഞാൻ ആഭ്യന്തരമന്ത്രിയായിരുന്നു. ആ ഗവൺമെന്റ് ഇവിടെ നയപ്രഖ്യാപനം നടത്തിയില്ല. മുഖ്യമന്ത്രി മാറുമ്പോൾ ഗവൺമെന്റിന്റെ നയപ്രഖ്യാപനമുണ്ടാകുന്ന പതിവില്ല. ഇന്നു രാവിലെ ഒരു ബഹളം ഉണ്ടാക്കാൻവേണ്ടിയാണ് നയപ്രഖ്യാപനം ആവശ്യപ്പെട്ടതെങ്കിൽ അത് മനസ്സിലാക്കാൻ സാധിക്കും. പക്ഷേ അങ്ങനെ നയപ്രഖ്യാപനം ചെയ്യുന്ന പതിവില്ല. പാർലമെന്ററി ജനാധിപത്യത്തിൽ അങ്ങനെയൊരു നയപ്രഖ്യാപനം ചെയ്യുന്ന പതിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, പണ്ട് പറഞ്ഞത് ഒരു ഗവൺമെൻറിന്റെ തുടർച്ചയാണെന്നാണ്. അങ്ങ് പറഞ്ഞത് ഇതൊരു പുതിയ ഗവൺമെൻറ് ആണെന്നാണ്. ഇത് പഴയതിന്റെ തുടർച്ചയല്ലെങ്കിൽ പുതിയ ഗവൺമെൻറിന്റെ നയം ഞങ്ങൾ പ്രതീക്ഷിച്ചു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: നയം മുഴുവൻ ഞാൻ വിശദമാക്കിക്കഴിഞ്ഞു. കൂടുതലായി അതിനെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പഴയ ഗവൺമെൻറിന്റെ നയങ്ങൾ തള്ളിക്കളയണമെന്നില്ല. പഴയ ഗവൺമെൻറിന്റെ നയത്തിൽ സ്വീകരിക്കാവുന്ന പലതും ഈ ഗവൺമെൻറ് സ്വീകരിക്കും. പക്ഷേ അങ്ങനെയൊരു നയപ്രഖ്യാപനം ഇവിടെ ചെയ്യുന്നതിവിടില്ല. നമ്മൾ ഐക്യമുന്നണിയുണ്ടാക്കുമ്പോൾ നമ്മുടെ നയങ്ങൾ ഒരു മാനിഫെസ്റ്റോ ആയിട്ടാണ് പ്രസിദ്ധീകരിക്കാറുള്ളത്. ഇങ്ങനെയൊരു നയം വിവിധകക്ഷികളുമായി ആലോചിച്ച് പ്രഖ്യാപിക്കുന്നതിന് സാവകാശം വേണമെന്നുമാത്രമേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളൂ. അതുകൊണ്ട് ഈ ധനവിനിയോഗബില്ല് പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: ആർ. എസ്. എസിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ആർ. എസ്. എസ്സിനെ സംബന്ധിച്ച് പഴയ ഗവൺമെൻറിന്റെ നയംതന്നെ ഈ ഗവൺമെൻറും തുടരുന്നതാണ്.

The question that the Kerala Appropriation (No. 3) Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

The Schedule

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister **(Shri N. Bhaskaran Nair):** Sir, I move that the Kerala Appropriation (No. 3) Bill, 1979 be finally passed.

Chief Minister **(Shri C.H. Mohammed Koya):** Sir, I second it.

The question that the Kerala Appropriation (No. 3) Bill, 1979 be finally passed, was put and carried.

The Bill was finally passed.

V. സ്പീക്കറുടെ പ്രസ്താവന

മിസ്റ്റർ സ്പീക്കർ: ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ കേരള നിയമസഭയിലെ ഡെപ്യൂട്ടി സ്പീക്കർസ്ഥാനം 1979 ഒക്ടോബർ 23-ാം തീയതി മുതൽ രാജിവച്ചിരിക്കുന്ന വിവരം ഈ സഭയെ അറിയിച്ചു കൊള്ളുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടരമണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 ഒക്ടോബർ 24-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 2-03-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly